15

2021
സെപ്റ്റംബർ
ബുധൻ
1197
ചിങ്ങം 30

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 150 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-150 പേജ് 4. വില 2.00 രൂപ








02 പണി പൂർത്തിയാക്കിയില്ലെങ്കിൽ നൽകേണ്ട പലിശ ഒഴിവാക്കും

03 കെഎസ്ആർടിസി പമ്പുകളിൽ നിന്നും പൊതുജനങ്ങൾക്കും ഇന്ധനം നിറയ്ക്കാം

04 ഭൂ ഭവന രഹിതരില്ലാത്ത കേരളം ലക്ഷ്യം : മന്ത്രി ജെ.ചിഞ്ചു റാണി


# പുനർഗേഹം: 308 വീടുകളും 303 ഫ്ലാറ്റുകളും നാളെ കൈമാറും

തിരുവനന്തപുരം: പുനർഗേഹം പദ്ധതിയിൽ പൂർത്തിയായ 308 വീടുകളും 303 ഫ്ലാറ്റുകളും നാളെ കൈമാറും. കെട്ടിടങ്ങളുടെ ഗൃഹപ്രവേശനവും താക്കോൽദാനവും മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ പൊന്നാനി (128), തിരുവനന്തപുരം ജില്ലയിലെ ബീമാപ്പള്ളി (20), കാരോട് (128) എന്നിവിടങ്ങളിലായാണ് കെട്ടിട സമുച്ചയങ്ങൾ പൂർത്തിയാക്കിയിട്ടുള്ളത്. കൊല്ലം ജില്ലയിലെ ക്യൂഎസ്എസ് കോളനിയിൽ 36 ഫ്ലാറ്റുകൾ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ഭാഗികമായി കൈമാറാൻ കഴിയാത്തതിനാൽ വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കി ഡിസംബർ അവസാനത്തോടെ ഗുണഭോക്താക്കൾക്ക് കൈമാറും. 28.9 കോടി രൂപയാണ് താക്കോൽ കൈമാറുന്ന ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് വകയിരുത്തിയത്. ഇതിന് പുറമേ സംസ്ഥാനത്ത് വിവിധ തീരദേശ ജില്ലകളിലായി 898 ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിനായി 89.8 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 118.7 കോടി രൂപയുടെ 1174 ഫ്ലാറ്റുകൾ നിർമ്മാണം നടന്നുവരുന്നു.

വിവിധ തീരദേശ ജില്ലകളിലായി ഗുണഭോക്താക്കൾ സ്വന്തമായി ഭൂമി കണ്ടെത്തി ഭവന നിർമ്മാണം പൂർത്തീകരിച്ച 308 കുടുംബങ്ങളാണ് ഗൃഹപ്രവേശനം നടത്തുന്നത്. ഇതിനായി 30.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം 72, കൊല്ലം 53, ആലപ്പുഴ 68, എറണാകുളം 12, തൃശൂർ 50, മലപ്പുറം 21, കോഴിക്കോട് 14, കണ്ണൂർ 18 വീടുകളാണ് ഗൃഹപ്രവേശനത്തിന് തയ്യാറായത്. പദ്ധതിയിൽ 10,940 പേരുടെ ലിസ്റ്റ് വിവിധ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകാരം നൽകുകയും 2363 പേർക്ക് ഭൂമി കണ്ടെത്തുകയും 1746 പേർ ഭൂമി രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 601 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഗുണഭോക്താക്കൾക്ക് സ്വന്തം നിലയിൽ ഭൂമി കണ്ടെത്താൻ കഴിയാത്ത പ്രദേശങ്ങളിൽ ജനപ്രതിനിധികളുടെ കൂടി സഹകരണത്തോടെ സർക്കാർ, സ്വകാര്യ ഭൂമികൾ കണ്ടെത്തി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം നടത്തും. ഭൂമി രജിസ്ട്രേഷൻ ചാർജ് ഒഴിവാക്കുകയോ നേരിട്ട് രജിസ്ട്രേഷൻ വകുപ്പിൽ ഒടുക്കുന്നതിനോ കഴിയും വിധം ക്രമീകരണമുണ്ടാക്കാൻ രജിസ്ട്രേഷൻ, ധനവകുപ്പ് മന്ത്രിമാരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ ഫിഷറീസ് മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും. കാരോട് നടക്കുന്ന ചടങ്ങിൽ മന്ത്രി വി ശിവൻകുട്ടിയും ബീമാപള്ളിയിൽ മന്ത്രിമാരായ ആന്റണി രാജുവും, റോഷി അഗസ്റ്റിനും പങ്കെടുക്കും. അഞ്ചുതെങ്ങിലെ ചടങ്ങിൽ മന്ത്രി ജി ആർ അനിൽ, ചവറയിൽ മന്ത്രി ജെ ചിഞ്ചുറാണി, അമ്പലപ്പുഴയിൽ മന്ത്രി വി എൻ വാസവൻ, വൈപ്പിനിൽ മന്ത്രി പി രാജീവ്, കയ്പമംഗലത്ത് മന്ത്രി കെ രാജൻ, കോഴിക്കോട് മന്ത്രി മുഹമ്മദ് റിയാസ് എന്നിവർ പങ്കെടുക്കും. എംപിമാർ, എംഎൽഎമാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.



## കോൺഗ്രസ് വിട്ട അനിൽകുമാർ എകെജി സെൻററിൽ; ഷാൾ അണിയിച്ച് കോടിയേരി

തിരുവനന്തപുരം: കോൺഗ്രസ് വിട്ട കെ.പി.അനിൽകുമാറിനെ സിപിഎം ഇരുകൈയും നീട്ടി സ്വീകരിച്ചു. രാജി പ്രഖ്യാപനത്തിന് ശേഷം എകെജി സെൻററിൽ എത്തിയ അനിൽകുമാറിനെ സിപിഎം പോളിറ്റ് ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ ചുവന്ന ഷാൾ അണിയിച്ച് സ്വീകരിച്ചു. പിബി അംഗളായ എം.എ.ബേബി, എസ്.രാമചന്ദ്രൻപിള്ള എന്നിവരും എകെജി സെൻററിൽ സന്നിഹിതരായിരുന്നു. അനിൽകുമാറിന് അർഹമായ പരിഗണന നൽകുമെന്നും കോൺഗ്രസിൻറെ സംഘടനാ സംവിധാനം തകർന്നുവെന്നും കോടിയേരി വ്യക്തമാക്കി.

രാവിലെ രാജി പ്രഖ്യാപനത്തിന് ശേഷം അനിൽകുമാർ നേരെ സിപിഎം ആസ്ഥാനത്തേക്ക് എത്തുകയായിരുന്നു. അച്ചടക്ക നടപടിയുണ്ടായതിന് പിന്നാലെ തന്നെ അദ്ദേഹം കോൺഗ്രസ് ബന്ധം ഉപേക്ഷിക്കാൻ തീരുമാനിച്ചിരുന്നുവെന്നാണ് വിവരം. കഴിഞ്ഞ ദിവസങ്ങളിൽ കോടിയേരി ഉൾപ്പടെയുള്ള നേതാക്കളുമായി സംസാരിക്കുകയും ചെയ്തിരുന്നു. ഇതിൻറെ അടിസ്ഥാനത്തിലാണ് കോൺഗ്രസിൽ നിന്നുള്ള രാജിയും സിപിഎം പ്രവേശനവും ഒറ്റദിവസമായത്. കോൺഗ്രസിൽ ഉരുൾപൊട്ടലാണെന്നാണ് കോടിയേരി പ്രതികരിച്ചത്. കെപിസിസിയുടെ സംഘടനാ ചുമതലയുണ്ടായിരുന്ന വ്യക്തിയാണ് അനിൽകുമാർ. കെപിസിസി ആസ്ഥാനത്തിൻറെ താക്കോൽ അദ്ദേഹത്തിൻറെ കൈവശമായിരുന്നു. അത്തരമൊരാളാണ് സിപിഎമ്മിലേക്ക് എത്തിയത്. കോൺഗ്രസ് ദേശീയ തലത്തിൽ തകർന്നുവെന്നും ജനാധിപത്യം നഷ്ടപ്പെട്ടുവെന്നും കോടിയേരി കുറ്റപ്പെടുത്തി.

## സ്ഫോടനത്തിന് പദ്ധതിയിട്ട ഭീകരരെ പിടികൂടി

ന്യൂഡൽഹി: രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ സ്ഫോടനത്തിന് പദ്ധതിയിട്ട ഭീകരരെ അറസ്റ്റ് ചെയ്തതായി ഡൽഹി പോലീസ്. പാക്കിസ്ഥാനിൽനിന്നും പരിശീലനം ലഭിച്ച രണ്ട് പേരുൾപ്പെടെ ആറു ഭീകരരെയാണ് ഡൽഹി പോലീസിൻറെ സ്പെഷൽ സെൽ പിടികൂടിയത്. ഡൽഹി, രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽനിന്നാണ് ഇവരെ പിടികൂടിയതെന്ന് പറയുന്നു.

ഇവരിൽ നിന്നും വൻ ആയുധശേഖരവും കണ്ടെത്തിയതായി പോലീസ് അറിയിച്ചു. വരുന്ന ഉത്സവ സീസണിൽ സ്ഫോടനം നടത്താനായിരുന്നു ഭീകരരുടെ പദ്ധതി. ഡൽഹി ജാമിയ നഗർ സ്വദേശി ഒസാമ, മുംബൈ സ്വദേശി മൊഹമ്മദ് ഷെയിഖ്, യുപി സ്വദേശികളായ മൂൽചന്ദ്, ഷീഷാൻ, അബൂബക്കർ, ജാവേദ് എന്നിവരാണ് പിടിയിലായത്.

ഇതിൽ ഒസാമ, ജാവേദ് എന്നിവർ മസ്ക്കറ്റ് വഴി പാക്കിസ്ഥാനിൽ എത്തി പരിശീലനം നേടിയെന്നും പോലീസ് ആരോപിക്കുന്നു. അധോലോക കുറ്റവാളി ദാവൂദ് ഇബ്രാഹീമിൻറെ സഹോദരൻ അനീസുമായി ഇവർക്ക് ബന്ധമുണ്ടെന്നും പോലീസ് പറയുന്നു. പാക് ചാരസംഘടനയായ ഐഎസ്ഐ ഇവർക്ക് പണം എത്തിച്ചതിൻറെ തെളിവുകൾ ലഭിച്ചതായി പോലീസ് അറിയിച്ചു.

## അഞ്ചു വർഷത്തിനുള്ളിൽ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമിയും വീടും ഉറപ്പാക്കും: മുഖ്യമന്ത്രി

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമിയും വീടും ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നൂറുദിന കർമപരിപാടിയുടെ ഭാഗമായി 13500 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഇതിലുൾപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് ഉറപ്പാക്കും. അഞ്ചു വർഷത്തിനുള്ളിൽ അഞ്ച് ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകുമെന്ന് ഉറപ്പ് നൽകിയതാണ്. ലൈഫ് ഉൾപ്പെടെ വിവിധ പദ്ധതികളിലൂടെ ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.



എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നതാണ് സർക്കാർ നയം. ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലാന്റ് ബോർഡ് വ്യവഹാരങ്ങളിൽ ഉൾപ്പെട്ട കേസുകൾ തീർപ്പാക്കാൻ പ്രത്യേക കർമപദ്ധതി തയ്യാറാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മിച്ചഭൂമിയും അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നതും കണ്ടെത്തി നടപടി സ്വീകരിക്കും. ഭൂരഹിതർക്ക് ഭൂമി കൈമാറുന്നതിനായി പ്രത്യേകം ലാൻഡ് ബാങ്ക് തയ്യാറാക്കും. ഇതിനായി ഡിജിറ്റൽ സർവേ നടത്തും. കേരളത്തിലെ ഭൂമിയാകെ ഡിജിറ്റൽ സർവേ നടത്തി അളന്ന് തിട്ടപ്പെടുത്തുന്നതിന് ഒന്നാം ഗഡുവായി 339 കോടി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ അനുവദിച്ചിട്ടുണ്ട്. നാലു വർഷം കൊണ്ട് ഇത് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതിലൂടെ നല്ല പങ്ക് ഭൂമിയും സർക്കാരിലേക്ക് വന്നുചേരും. കൈയേറ്റക്കാരേയും കുടിയേറ്റക്കാരേയും സർക്കാർ ഒരേ കണ്ണിലല്ല കാണുന്നത്. മണ്ണിൽ പണിയെടുക്കുന്നവന്റെ വേദന മനസിലാക്കി ആശ്വാസം പകരാൻ ശ്രമിക്കുന്ന സർക്കാരാണിത്. അർഹമായ ആനുകൂല്യം വിവിധ ജനവിഭാഗങ്ങൾക്ക് ഉറപ്പ് വരുത്തുന്നത് നവകേരളത്തിന്റെ മുഖമുദ്രയായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സാങ്കേതികത്വത്തിലും നിയമക്കുരുക്കിലും പെട്ട് ഭൂമിയുടെ ഉടമസ്ഥാവകാശം നിഷേധിക്കപ്പെട്ട വലിയൊരു വിഭാഗം നാട്ടിലുണ്ട്. ഇതിൽ ഒന്നേമുക്കാൽ ലക്ഷം കുടുംബങ്ങൾക്ക് 2016 2021 കാലയളവിൽ സർക്കാർ പട്ടയം നൽകി. കേരളത്തിലെ സർവകാല റെക്കോഡാണിത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്ത വിധത്തിൽ ഇവിടെ ഭൂപരിഷ്ക്കരണം നടത്തി മാതൃകകാട്ടാനായി. കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളെ അന്തസോടെ നിവർന്നു നിൽക്കാൻ ഭൂമിയുടെ മേൽ ലഭിച്ച അവകാശം പ്രാപ്തമാക്കി. ഇവരെ ഭൂമിയുടെ ഉടമ ആക്കിയെന്നത് മാത്രമല്ല, ആത്മാഭിമാനം വലിയ തോതിൽ ഉയർത്താനും ഭൂപരിഷ്കരണത്തിലൂടെ സാധിച്ചു. ഈ ജനവിഭാഗഹിന്റെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനും ഇത് അടിത്തറ പാകിയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## തെരഞ്ഞെടുപ്പ് പരാജയം: എറണാകുളം സിപിഎമ്മിൽ കൂട്ട നടപടി

കൊച്ചി: നിയമസഭാ തെരഞ്ഞെടുപ്പ് പരാജയത്തിൽ എറണാകുളം സിപിഎമ്മിൽ കൂട്ട നടപടി. സി.കെ മണിശങ്കറിനെ ജില്ലാ സെക്രട്ടറിയേറ്റിൽനിന്നും ഒഴിവാക്കി. വൈറ്റില ഏരിയ സെക്രട്ടറി കെ.ഡി വിൻസൻറിനെ എല്ലാ സ്ഥാനത്തുനിന്നും നീക്കി. തൃക്കാക്കരയിലെ പരാജയത്തിലാണ് ഇരുവർക്കെതിരെയും നടപടിയുണ്ടായത്.

പെരുമ്പാവൂരിലെ തോൽവിയുമായി ബന്ധപ്പെട്ട് ജില്ലാ സെക്രട്ടറിയറ്റ് അംഗം എൻ.സി മോഹനന് പരസ്യശാസന നൽകി. ആലങ്ങാട് ഏരിയ സെക്രട്ടറി എം.കെ ബാബുവിനെ താക്കീത് ചെയ്യാനും തീരുമാനിച്ചു.

സി.എൻ സുന്ദരനെ തൃപ്പൂണിത്തുറയിലെ തോൽവിയിൽ ജില്ലാ കമ്മിറ്റിയിൽനിന്ന് ഒഴിവാക്കി. പിറവം തോൽവിയിൽ കൂത്താട്ടുകുളം ഏരിയ സെക്രട്ടറി ഷാജു ജേക്കബിനെതിരെയും നടപടി. ഷാജു ജേക്കബിനെ എറണാകുളം ജില്ലാ കമ്മിറ്റിയിൽ നിന്നും, ഏരിയ സെക്രട്ടറി സ്ഥാനത്ത് നിന്നും ഒഴിവാക്കി. കൂത്താട്ടുകുളം പാർട്ടി ഓഫീസ് സെക്രട്ടറി അരുണിനെ മാറ്റി.

## സമൂഹ മാധ്യമ ഉപയോഗത്തിൽ ജാഗ്രത വേണം: ഡിജിപി

തിരുവനന്തപുരം: സമൂഹ മാധ്യമങ്ങൾ ഉപയോഗിക്കുന്പോൾ ജാഗ്രത വേണമെന്ന് പോലീസിന് സംസ്ഥാന പോലീസ് മേധാവി അനിൽകാന്തിൻറെ നിർദേശം. ഉദ്യോഗസ്ഥർ ഫോൺ വിളികൾ റിക്കാർഡ് ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യരുത്.

നെയ്യാറ്റിൻകര ജുഡീഷൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടുമായുള്ള ഫോൺ സംഭാഷണം പാറശാലയിലെ പോലീസുകാരൻ റിക്കാർഡ് ചെയ്ത് സമൂഹമാധ്യമത്തിൽ പ്രചരിപ്പിച്ചിരുന്നു. ജുഡീഷ്യറിയെ മോശമാക്കുന്ന ഇത്തരം കാര്യങ്ങൾ ഉണ്ടാകരുതെന്നു ഹൈക്കോടതി നേരത്തേ നിർദേശിച്ചിരുന്നു. ഇതിൻറെകൂടി അടിസ്ഥാനത്തിലാണു ഡിജിപിയുടെ സർക്കുലർ.

## ഒരു മന്ത്രി വിളിച്ചാൽ ഫോൺ എടുക്കില്ല; വിമർശനവുമായി പ്രതിഭ

കായംകുളം: എൽഡിഎഫ് സർക്കാരിലെ ഒരു മന്ത്രിക്കെതിരേ പരസ്യ വിമർശനവുമായി കായംകുളം എംഎൽഎ യു.പ്രതിഭ. പല തവണ വിളിച്ചിട്ടും തനിക്ക് അടുപ്പമുള്ള ഒരു മന്ത്രി ഫോൺ എടുക്കുന്നില്ലെന്ന് എംഎൽഎ ആരോപിച്ചു. പൊതുചടങ്ങിലാണ് മന്ത്രിയുടെ പേര് പരാമർശിക്കാതെ എംഎൽഎ വിമർശനം ഉന്നയിച്ചത്. വ്യക്തിപരമായ കാര്യങ്ങൾ സംസാരിക്കാനല്ല നാട്ടിലെ ജനകീയ പ്രശ്നങ്ങൾ അറിയിക്കാനാണ് വിളിക്കുന്നതെന്ന് മന്ത്രി മനസിലാക്കണമെന്നും എംഎൽഎ പറഞ്ഞു. ചടങ്ങിൽ പങ്കെടുത്ത വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടിയെ എംഎൽഎ പുകഴ്ത്തുകയും ചെയ്തു. എപ്പോൾ വിളിച്ചാലും തിരിച്ചുവിളിക്കുന്ന മന്ത്രിയാണ് ശിവൻകുട്ടിയെന്നും അതിന് നന്ദിയുണ്ടെന്നും എംഎൽഎ വ്യക്തമാക്കി.

## ഗോഡ്സെയുടെ പ്രസംഗം: എസ്ഐയെ സ്ഥലം മാറ്റി

തിരുവനന്തപുരം: ഗോഡ്സേയുടെ പ്രസംഗം പോലീസുകാരുടെ വാട്സ്ആപ് ഗ്രൂപ്പിലയച്ച എസ്ഐയെ സ്ഥലം മാറ്റി. പദ്മനാഭസ്വാമി ക്ഷേത്രത്തിലെ അഡീഷണൽ എസ്ഐ രാധാകൃഷ്ണപിള്ളയെ ആണ് സ്ഥലം മാറ്റിയത്. തൃശൂരിലേക്കാണ് സ്ഥലംമാറ്റം. ഗോഡ്സേയുടെ പ്രസംഗം ഉദ്യോഗസ്ഥരുടെ വാട്സ്ആപ് ഗ്രൂപ്പിൽ വന്നതിനെക്കുറിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ടു എഎസ്ഐയ്ക്ക് ഡിസിപി മെമ്മോയും നൽകി. സംഭവത്തിൽ എഎസ്ഐ ഖേദം പ്രകടിപ്പിച്ചിരുന്നു.

## ഗതാഗത നിയമലംഘനം : അര ലക്ഷം ഡ്രൈവിങ് ലൈസൻസ് റദ്ദാക്കി

കൊച്ചി: ഗതാഗത നിയമം ലംഘിച്ചതിന് സംസ്ഥാനത്ത് അഞ്ചു വർഷത്തിനിടെ ഗതാഗത വകുപ്പ് റദ്ദാക്കിയത് കെഎസ്ആർടിസി ഡ്രൈവർമാർ ഉൾപ്പെടെ 51,198 പേരുടെ ഡ്രൈവിങ് ലൈസൻസ് .അമിതവേഗം, അശ്രദ്ധയോടെയുള്ള ഡ്രൈവിങ്, മദ്യപിച്ചുള്ള ഡ്രൈവിങ് എന്നീ കാരണങ്ങളാലാണ് കൂടുതൽ പേരുടെയും ലൈസൻസ് റദ്ദാക്കിയത്. 2016 മേയ് മുതൽ 2021 ഏപ്രിൽ വരെയുള്ള കണക്കുകളാണ് ഗതാഗത വകുപ്പ് പുറത്ത് വിട്ടത്. ഈ കാലഘട്ടത്തിൽ അപകടങ്ങളുടെ എണ്ണത്തിലും കേരളം മുൻപന്തിയിലാണ്. 2016 മുതൽ 2021 ജൂലായ് വരെ 2,05,512 അപകടങ്ങളിലായി 22076 പേരാണ് മരിച്ചത്. കൂടാതെ 2,29,229 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ലോക്ഡൗണും നിയന്ത്രണങ്ങളും കാരണം വാഹനങ്ങളുടെ എണ്ണം നിരത്തിൽ കുറവായിരുന്ന 2020 ൽ 883 പേർക്കാണ് നിയമ നടപടിയിലൂടെ ലൈസൻസ് നഷ്ടമായത്.

ഈ വർഷം ഏപ്രിൽ വരെ മാത്രം 997 പേരുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്. അപകടകരമായ രീതിയിൽ വാഹനം ഓടിച്ചവർ, ട്രാഫിക് സിഗ്നൽ തെറ്റിച്ച് വാഹനം ഓടിച്ചവർ, അമിത ഭാരം കയറ്റി ചരക്കുവാഹനം ഓടിച്ചവർ, മൊബൈൽ ഫോൺ ഉപയോഗിച്ച് വാഹനം ഓടിച്ചവർ, ചരക്കുവാഹനത്തിൽ ആളുകളെ കയറ്റി വാഹനം ഓടിച്ചവർ തുടങ്ങിയവരും ഡ്രൈവിങ് ലൈസൻസ് നഷ്ടമായവരിൽ ഉൾപ്പെടുന്നു. റോഡപകടങ്ങളുടെ എണ്ണവും ഗതാഗത നിയമലംഘനങ്ങളും വർധിക്കുന്ന പശ്ചാത്തലത്തിലാണ് നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരേ നടപടി സ്വീകരിക്കാൻ തുടങ്ങിയതെന്ന് മോട്ടോർ വാഹന വകുപ്പ് അധികൃതർ വ്യക്തമാക്കി.

## പാർട്ടി മാറുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ല: ഫാത്തിമ തെഹ്‌ലിയ

കോട്ടയം: പാർട്ടി മാറുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ലെന്ന് ഹരിത നേതാവ് ഫാത്തിമ തെഹ്‌ലിയ. മറിച്ചുള്ള വാർത്തകൾ കളവും ദുരുദ്ദേശപരവുമാണെന്നും അവർ പറഞ്ഞു. ഫേസ്ബുക്കിലായിരുന്നു ഫാത്തിമ തെഹ്‌ലിയയുടെ പ്രതികരണം. മുസ്‌ലിം ലീഗിൻറെ ആദർശത്തിൽ വിശ്വസിച്ചാണ് പാർട്ടിയിൽ ചേർന്നത്. സ്ഥാനമാനങ്ങൾക്കോ അധികാരത്തിനോ വേണ്ടിയല്ല പാർട്ടിയിൽ വന്നത്. ഇപ്പോൾ നിലനിൽക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് പാർട്ടി മാറുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടേയില്ല. മറിച്ചുള്ള വാർത്തകൾ കളവും ദുരുദ്ദേശപരവുമാണ് ഫാത്തിമ പറഞ്ഞു.



ആശ്രാമത്തെ പുതിയ സബ്ട്രഷറി മന്ദിരത്തിന്റെ ശിലാഫലകം മന്ത്രി കെ എൻ ബാലഗോപാൽ അനാച്ഛാദനം ചെയ്യുന്നു



തഴവ ആദിത്യ വിലാസം സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം സി ആർ മഹേഷ് എം എൽ എ നിർവഹിക്കുന്നു

# പണി പൂർത്തിയാക്കിയില്ലെങ്കിൽ നൽകേണ്ട പലിശ ഒഴിവാക്കും

പുനർഗേഹം പദ്ധതി പ്രകാരം ഒരു വർഷത്തിനുള്ളിൽ വീട് പണി പൂർത്തിയാക്കിയില്ലെങ്കിൽ പണം തിരിച്ചടവ് ഉറപ്പാക്കി പലിശ ഒഴിവാക്കാൻ തീരുമാനം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന പദ്ധതി പുരോഗതി വിലയിരുത്തൽ യോഗത്തിലാണ് 12 മാസത്തിനകം പണി പൂർത്തിയാക്കാനായില്ലെങ്കിൽ 18 ശതമാനം പലിശ സഹിതം പണം തിരിച്ചടയ്ക്കണമെന്ന നിബന്ധന മാർഗനിർദ്ദേശങ്ങളിൽ നിന്ന് ഒഴിവാക്കാൻ തീരുമാനമായത്.

നിലവിൽ മത്സ്യത്തൊഴിലാളികളുടെ ഭൂമിയുടെ കൈവശാവകാശം അവരിൽ തന്നെ നിക്ഷിപ്തമാക്കും. നിർമ്മാണ പ്രവർത്തനങ്ങൾ ഒഴികെ കൃഷിക്കും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഈ ഭൂമി ഉപയോഗപ്പെടുത്താം. ഭൂമിയും വീടും വിലയ്ക്കു വാങ്ങുന്നതിന് നിലവിൽ 500 സ്ക്വയർ ഫീറ്റ് വീടാണ് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്. ഇത് 400 സ്ക്വയർ ഫീറ്റാക്കി നിജപ്പെടുത്തും.

മത്സ്യത്തൊഴിലാളികൾക്ക് ആശങ്ക നൽകുന്ന നിബന്ധനകൾ മാർഗനിർദ്ദേശങ്ങിൽ നിന്ന് ഒഴിവാകുന്നതോടെ കൂടുതൽ പേർ പദ്ധതിയിലേക്ക് സന്നദ്ധരായി എത്തുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതിന് തീരദേശത്തെ റവന്യു ഭൂമിക്ക് മുന്തിയ പരിഗണന നൽകുമെന്ന് യോഗത്തിൽ റവന്യു വകുപ്പു മന്ത്രി കെ രാജൻ ഉറപ്പുനൽകി. സഹകരണ മന്ത്രി വി എൻ വാസവനും യോഗത്തിൽ പങ്കെടുത്തു.

കേരളത്തിന്റെ തീരദേശ മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ മൂന്നുവർഷത്തിനുള്ളിൽ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കാനാണ് സർക്കാർ 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി ആവിഷ്കരിച്ചത്. മൊത്തം അടങ്കൽ തുകയിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും, 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇന്ത്യയിൽ തീരദേശവാസികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപ്പാക്കുന്ന ആദ്യത്തെ പുനരധിവാസ പദ്ധതിയാണിത്.

വ്യക്തിഗത ഭവനനിർമ്മാണം, ഭവനസമുച്ചയ നിർമ്മാണം, ഗുണഭോക്താവ് നേരിട്ട് വീടും സ്ഥലവും വാങ്ങൽ എന്നീ രീതികളാണ് സ്വീകരിക്കുന്നത്. ഗുണഭോക്താവിന് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ ധനസഹായമാണ് നൽകുന്നത്. ഫിഷറീസ് വകുപ്പിന്റെ സർവേ പ്രകാരം പുനരധിവസിപ്പിക്കേണ്ട 18,685 കുടുംബങ്ങളിൽ 7716 കുടുംബങ്ങൾ മാറി താമസിക്കുന്നതിന് നിലവിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

# മീറ്റ് ദ മിനിസ്റ്ററിന് പുറമേ മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയുമായി വ്യവസായ മന്ത്രി

ജില്ലകൾ തോറും സംഘടിപ്പിച്ച 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിക്ക് പിന്നാലെ 'മീറ്റ് ദ ഇൻവെസ്റ്റർ' ആശയ വിനിമയ പരിപാടിയുമായി വ്യവസായ മന്ത്രി പി.രാജീവ്. നൂറു കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയ വിനിമയ വേദിയാണ് മീറ്റ് ദ ഇൻവെസ്റ്റർ. പരിപാടിക്ക് ഇന്ന് (സെപ്തംബർ 15) തുടക്കം കുറിക്കും.

ഓരോ സംരംഭകരുടേയും വ്യവസായികളുടേയും അഭിപ്രായങ്ങൾ തേടുകയും സർക്കാർ തലത്തിൽ ആവശ്യമുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം. നിലവിലുള്ള പദ്ധതികൾക്ക് പുറമേ, പുതിയ നിക്ഷേപ പദ്ധതികൾ, വൈവിധ്യവത്ക്കരണ ശ്രമങ്ങൾ തുടങ്ങിയവയും ആലോചനാവിഷയമാകും. നിലവിലുള്ള നിക്ഷേപ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുകയാണ് മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നതെന്ന് വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു. ധാത്രി, സിന്തൈറ്റ്, നിറ്റ ജെലാറ്റിൻ എന്നീ വ്യവസായ ഗ്രൂപ്പുകളുമായി വെവ്വേറെ കൂടിക്കാഴ്ച 15ന് നടത്തും.

ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട സംരംഭകരുടെ പരാതി പരിഹരിക്കുന്നതിന് ജില്ലതോറും നടത്തിയ മീറ്റ് ദ മിനിസ്റ്റർ പരിപാടി മികച്ച പ്രതികരണമാണ് സൃഷ്ടിച്ചത്. 9 ജില്ലകളിൽ മീറ്റ് ദ മിനിസ്റ്റർ പൂർത്തിയായി. മറ്റുള്ള ജില്ലകളിൽ ഉടനെ നടക്കും. ഇതോടൊപ്പം ഓരോ ജില്ലകളിലേയും പ്രധാന നിക്ഷേപകരുമായി മുഖാമുഖവും നടത്തിയിരുന്നു. ഫിക്കി , സി. ഐ.ഐ, ചെറുകിട വ്യവസായ അസോസിയേഷൻ, പ്രവാസി സംരംഭകർ എന്നിവരുമായി പ്രത്യേകം കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഇതിന്റെ തുടർച്ചയിലാണ് ഓരോ സംരംഭക ഗ്രൂപ്പിന്റേയും വിഷയങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് വേദിയൊരുക്കുന്നതെന്ന് മന്ത്രി പി.രാജീവ് അറിയിച്ചു.

# പത്മനാഭപുരം കൊട്ടാരം സന്ദർശകർക്ക് തുറന്ന് കൊടുക്കുന്ന കാര്യം ആലോചിക്കും: മന്ത്രി

തിരുവനന്തപുരം: കോവിഡ് പശ്ചാത്തലത്തിൽ സന്ദർശകർക്ക് വിലക്കുള്ള പത്മനാഭപുരം കൊട്ടാരം കോവിഡ് പ്രോട്ടോകോൾപാലിച്ചുകൊണ്ട് സന്ദർശകർക്ക് തുറന്ന് കൊടുക്കുന്നതിനെക്കുറിച്ച് അടിയന്തരമായി ആലോചിക്കുമെന്ന് മ്യൂസിയം പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. പുരാവസ്തു വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട സംരക്ഷിത സ്മാരകങ്ങളെയും മ്യൂസിയങ്ങളെയും ഗ്രേഡ് ചെയ്ത് പ്രത്യേകമായി സംരക്ഷിക്കുന്നതിന്റെ ഭാഗമായി തക്കല ശ്രീ പത്മനാഭപുരം കൊട്ടാരം സന്ദർശിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൈതൃകവും തനിമയും ചോരാതെ കൊട്ടാരം സംരക്ഷിക്കുന്നതിൽ വകുപ്പും ജീവനക്കാരും പുലർത്തുന്ന ശ്രദ്ധയെ മന്ത്രി അഭിനന്ദിച്ചു. കേരള തമിഴ്നാട് സർക്കാരുകളുടെ സംസ്കാരിക ആധാന പ്രധാനങ്ങളുടെയും സഹകരണത്തിന്റെയും നേർസാക്ഷ്യമാണ് ശ്രീ പത്മനാഭപുരം കൊട്ടാരം എന്നും മന്ത്രി പറഞ്ഞു. ആർക്കിയോളജി ഡയറക്ടർ ഇ ദിനേശൻ, സൂപ്രണ്ട് അജിത് കുമാർ, കൺസർവേഷൻ ഓഫീസർ എസ് ജെയ്കുമാർ, കൺസർവേഷൻ എൻജിനീയർ എസ് ഭൂപേഷ്, അഡീഷണൽപ്രൈവറ്റ് സെക്രട്ടറി അൻവർ സാദത്ത്, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ മന്ത്രിയെ അനുഗമിച്ചു.

## സർക്കാർ ഓഫീസുകളെല്ലാം നവീകരിക്കുന്നു മന്ത്രികെ. എൻ. ബാലഗോപാൽ

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളെല്ലാം നവീകരണ പാതയിലെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. ജില്ലാ സബ്ട്രഷറി, പെൻഷൻ പെയ്മെന്റ് ട്രഷറി എന്നിവയ്ക്കായി ആശ്രാമത്ത് നിർമിച്ച കെട്ടിട സമുച്ചയം നാടിന് സമർപിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിൽ പുതിയ കോടതി സമുച്ചയം നിർമിക്കുന്നതിന് ഭരണാനുമതി നൽകി കഴിഞ്ഞു. എൻ. ജി. ഒ ക്വാട്ടേഴ്സും ദൂരത്തല്ലാതെ നിർമിക്കും. 36 ട്രഷറികളുടെ നവീകരണം നടക്കുകയാണ്. 20 എണ്ണം ഉടൻ പൂർത്തിയാകും. ബാങ്കുകളേക്കാൾ മെച്ചപ്പെട്ട സൗകര്യത്തോടെയാകും ഇവ പ്രവർത്തിക്കുക. ഓൺലൈൻ ഉൾപ്പെടെ ആധുനിക സംവിധാനങ്ങളെല്ലാം ഏർപ്പെടുത്തുകയുമാണ്. കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളുള്ള മറ്റു ഓഫീസുകളും ജില്ലയിൽ യാഥാർത്ഥ്യമാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

എം. മുകേഷ് എം. എൽ. എ അധ്യക്ഷനായി. എം. നൗഷാദ് എം. എൽ. എ മുഖ്യപ്രഭാഷണം നടത്തി.

# കരുവന്നൂർ ബാങ്ക് തട്ടിപ്പ്: നാല് ഭരണസമിതി അംഗങ്ങൾ അറസ്റ്റിൽ

തൃശൂർ: കരുവന്നൂർ സഹകരണ ബാങ്ക് വായ്പാ തട്ടിപ്പ് കേസിൽ നാല് ഭരണസമിതി അംഗങ്ങൾ അറസ്റ്റിൽ. മുൻ പ്രസിഡന്റ് കെ കെ ദിവാകരൻ, ഭരണസമിതി അംഗങ്ങളായിരുന്ന ജോസ് ചക്രംപിള്ളി, വി കെ ലളിതൻ, ടി എസ് ബൈജു എന്നിവരെയാണ് ഇന്നലെ പുലർച്ചെ ക്രൈം ബ്രാഞ്ച് അറസ്റ്റ് ചെയ്തത്.

കേസിൽ 12 ഭരണസമിതി അംഗങ്ങളെയാണു ക്രൈംബ്രാഞ്ച് പ്രതിചേർത്തിട്ടുള്ളത്. ഇതിൽ അഞ്ചു പേരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. പ്രധാന പ്രതികളിലൊരാളായ കിരണിനെ പിടികൂടാനായിട്ടില്ല.

കരുവന്നൂർ ബാങ്കിൽ 279 വായ്പകൾ ക്രമരഹിതമായി അനുവദിച്ചതായി സഹകരണ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിരുന്നു. വ്യാജ അംഗത്വത്തിന്റെ മറവിലാണ് തിരിമറികൾ നടന്നത്. വായ്പക്കാരുടെയും ജാമ്യക്കാരുടെയും ബാധ്യതാ ലെഡ്ജർ ബാങ്ക് സൂക്ഷിക്കുന്നില്ല. 20162021 കാലയളവിലെ ഡയറക്ടർമാർ സഹകരണ വകുപ്പിന്റെ ഉത്തരവ് മറികടന്ന് വായ്പ അനുവദിച്ചു. നിലം ഈടായി സ്വീകരിച്ച് ആറരക്കോടി അനുവദിച്ചു. ഒന്നും രണ്ടും പ്രതികളാണ് വായ്പാ രേഖകൾ പരിശോധിച്ചത്. ബാങ്ക് ഡയറക്ടർമാരും പ്രതികളും അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരും. പ്രതികൾ പദവി ദുരുപയോഗം ചെയ്ത് ബാങ്കിനു നഷ്ടമുണ്ടാക്കിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

ബാങ്കിൽ 300 കോടിയുടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്നും കൃത്യമായ പരാതിയോ നടപടിയോ ഇല്ലെന്നും സിബിഐയോ എൻഫോഴ്സ്മെന്റോ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് മുൻ ജീവനക്കാരൻ എം വി സുരേഷ് നൽകിയ ഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണ്.

എന്നാൽ കേസിൽ സിബിഐ അന്വേഷണം ആവശ്യമില്ലെന്നാണ് ഹൈക്കോടതിയിൽ കഴിഞ്ഞദിവസം സർക്കാർ നിലപാട് അറിയിച്ചത്.

ക്രൈംബ്രാഞ്ച് അന്വേഷണം പുരോഗമിക്കുകയാണെന്നും തിരിമറി നടത്തിയ പണം പ്രതികൾ ഭൂമി കച്ചവടത്തിനോ രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്കോ ഉപയോഗിച്ചതിനു തെളിവില്ലെന്നും സർക്കാർ സത്യവാങ്മൂലത്തിൽ പറഞ്ഞു.

# ട്രെയിനിൽ സ്ത്രീകളെ ബോധരഹിതരാക്കി കവർച്ച: അന്വേഷണത്തിന് പ്രത്യേകസംഘം

തിരുവനന്തപുരം: ട്രെയിനിൽ സ്ത്രീകളെ ബോധരഹിതരാക്കിയ ശേഷം പതിനാററ പവൻ സ്വർണവും മൂന്ന് മൊബൈൽ ഫോണുകളും മോഷ്ടിച്ച സംഭവത്തിൽ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ചു. റയിൽവേ പൊലീസ് എസ്പി ഗോപകുമാറിന്റെ നേതൃത്വത്തിൽ ഡിവൈഎസ്പി, സി ഐ എന്നിവരുൾപ്പെടുന്ന പത്തംഗ സംഘത്തെയാണ് നിയോഗിച്ചത്. തമിഴ്നാട് കർണാടക കേന്ദ്രീകരിച്ച് നിലവിൽ അന്വേഷണം പുരോഗമിക്കുകയാണ്. ഗുജറാത്ത് സൂറത്ത് സ്വദേശി അഗ്സർ ബഗ്ഷയാണ് കവർച്ചയ്ക്ക് പിന്നിലെന്ന നിഗമനത്തിലാണ് റയിൽവേ പൊലീസ്. ഇയാൾക്കെതിരെ ഗോവ, കോയമ്പത്തൂർ, മധുര, ചെന്നൈ സ്റ്റേഷനുകളിലും സമാനകേസുകളുണ്ട്. ഇയാളുടെ വിരലടയാളമടക്കം ശേഖരിക്കാനുള്ള നീക്കമാണ് അന്വേഷണസംഘം നടത്തുന്നത്. ഇതിന് പുറമെ തിരുപ്പതി മുതൽ പാലക്കാട് വരെയുള്ള റയിൽവേ സ്റ്റേഷനുകളിലെ സിസിടിവി ദൃശ്യങ്ങളും പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പാലക്കാട് നിന്നും ഒരു സംഘം ഇന്നലെ കോയമ്പത്തൂരിലേക്ക് തിരിച്ചു.

ഞായറാഴ്ച പുലർച്ചെയാണ് നിസാമുദ്ദീൻതിരുവനന്തപുരം സ്വർണജയന്തി എക്സ്പ്രസിൽ അമ്മയും മകളും ഉൾപ്പെടെ മൂന്നു സ്ത്രീകളെ മയക്കിക്കിടത്തി പതിനാററ പവൻ സ്വർണാഭരണങ്ങളും മൂന്ന് മൊബൈൽ ഫോണും 1500 രൂപയും കവർന്നത്. ആഗ്രയിൽ സ്ഥിരതാമസമാക്കിയ തിരുവല്ല സ്വദേശി വിജയലക്ഷ്മി (45), മകൾ അഞ്ജലി (20) എന്നിവരിൽ നിന്ന് പതിനാററ പവന്റെ സ്വർണം നഷ്ടമായത്. കൂടാതെ 29,000 രൂപ വിലവരുന്ന രണ്ട് മൊബൈൽ ഫോണുകളും 1500 രൂപയും കള്ളൻ കൊണ്ടുപോയി. ആലുവ സ്വദേശി കൗസല്യയുടെ(23) കൈയിൽ നിന്ന് 15,000 രൂപ വിലവരുന്ന മൊബൈൽ ഫോണും മോഷ്ടിച്ചു. ഇവർ ഉറങ്ങിയ സമയത്ത് എന്തെങ്കിലും സ്പ്രേ മുഖത്തടിച്ച് മയക്കിയശേഷമാകാം കവർച്ച നടത്തിയതെന്ന നിഗമനത്തിലാണ് റയിൽവേ പൊലീസ്. എസ് 1 കോച്ചിലാണ് വിജയലക്ഷ്മിയും മകളും സഞ്ചരിച്ചിരുന്നത്. കൗസല്യ എസ് 2വിലും. തങ്ങളുടെ കോച്ചിൽ അസ്ഗർ ബഗ്ഷയെ പോലൊരാളെ കണ്ടിരുന്നതായാണ് വിജയലക്ഷ്മി മൊഴി നൽകിയിരിക്കുന്നത്. എന്നാൽ മാസ്ക് ധരിച്ചതിനാൽ മുഖം വ്യക്തമല്ല. റിസർവേഷൻ ചാർട്ട് പരിശോധിച്ചതിൽ നിന്നും അസ്ഗർ ബഗ്ഷ ട്രെയിനിൽ ഉണ്ടായിരുന്നുവെന്നതിന് യാതൊരു തെളിവും ലഭിച്ചിട്ടില്ല. ഇങ്ങനെയൊരാൾ ട്രെയിനിൽ ഉണ്ടായിരുന്നില്ലെന്ന നിലപാടിലാണ് ടിടിഇയും. വിരലടയാള വിദഗ്ധരെത്തി രണ്ട് ബോഗിയിൽ നിന്നും വിരലടയാളങ്ങൾ ശേഖരിച്ചിട്ടുണ്ട്.

# 'വിശ്വമാനവികതയുടെ ലോകഓണപ്പൂക്കളം' മത്സര ജേതാക്കളെ പ്രഖ്യാപിച്ചു

തിരുവനന്തപുരം: 'വിശ്വമാനവികതയുടെ ലോകഓണപ്പൂക്കളം' എന്ന പ്രമേയത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണപ്പൂക്കള മത്സരത്തിലെ ജേതാക്കളെ പ്രഖ്യാപിച്ചു. കോവിഡ് മഹാമാരി മൂലം ഓണാഘോഷങ്ങൾ വീടുകളിൽ ഒതുക്കേണ്ടിവന്ന സാഹചര്യത്തിലാണ് ലോകമെമ്പാടുമുള്ള മലയാളികൾക്കായി ഓൺലൈനായി ഓണപ്പൂക്കള മത്സരം സംഘടിപ്പിച്ചത്.

കേരളത്തിലുള്ളവർക്കായി നടത്തിയ വ്യക്തിഗത മത്സരത്തിൽ പ്രദീപ് കുമാർ എം (കോഴിക്കോട്), മനോജ് മുണ്ടപ്പാട്ട് (തൃശൂർ), റെസ്ന കെ (കണ്ണൂർ) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കേരളത്തിലെ സ്ഥാപനങ്ങൾ/ കൂട്ടായ്മകൾക്കുള്ള മത്സരത്തിൽ ഭാരത് കാറ്ററിംഗ് കോളജ് (കോഴിക്കോട് ), കണ്ണൂർ കളക്ടറേറ്റ്, ആർക്കൈവ് വകുപ്പ് (റെജികുമാർ ജെ, തിരുവനന്തപുരം) എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

കേരളത്തിനു പുറത്തുനിന്നുള്ള വ്യക്തിഗത മത്സരവിഭാഗത്തിൽ മാർട്ടിൻ ജോസ് (ഡൽഹി), ബിജു ടികെ (കർണാടക), രമ്യ പ്രബിഷ് (കർണാടക) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കേരളത്തിനു പുറത്തുള്ള സ്ഥാപനങ്ങൾ/ കൂട്ടായ്മകൾക്കുള്ള മത്സരത്തിൽ കൈരളി കൾച്ചറൽ അസോസിയേഷൻ ഫുജൈറ (യുഎഇ), മാസ് ഷാർജ (യുഎഇ), ദ്രമാനന്ദം പ്രവാസി അസോസിയേഷൻ (സബിത ലികോ അലക്സ്, മസ്കറ്റ്) എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.വരും

ഒന്ന്, രണ്ട്, മൂന്ന് സമ്മാനങ്ങൾ കൂടാതെ 10 സമാശ്വാസ സമ്മാനങ്ങളുമുണ്ട്. പങ്കെടുത്തവർക്കെല്ലാം പ്രത്യേക ഓണസമ്മാനങ്ങളും നൽകും. പങ്കെടുത്തവർക്ക് വെബ്സൈറ്റിലൂടെ സാക്ഷ്യപത്രങ്ങളും ഡൗൺലോഡ് ചെയ്യാം.

ഫൈൻ ആർട്സ് കോളജ് അധ്യാപകൻ ഷിജോ ജേക്കബ്, എഴുത്തുകാരനും വിവർത്തകനും കലാനിരൂപകനുമായ ജോണി എംഎൽ, വിഷ്വൽ ആർട്ടിസ്റ്റ് നീതു ബാബു എന്നിവർ ചേർന്ന വിദഗ്ധസമിതിയാണ് ജേതാക്കളെ തെരഞ്ഞെടുത്തത്. വർഷങ്ങളിലും വിപുലമായ രീതിയിൽ സംഘടിപ്പിക്കുമെന്ന് ജേതാക്കളെ പ്രഖ്യാപിക്കവേ ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു.

# ജെറ്റ് എയർവെയ്സ് ആഭ്യന്തര വിമാന സർവീസ് പുനരാരംഭിക്കുന്നു

ന്യൂഡൽഹി: പ്രമുഖ സ്വകാര്യ വിമാന കമ്പനിയായ ജെറ്റ് എയർവെയ്സ് രണ്ടുവർഷത്തെ ഇടവേളയ്ക്ക് ശേഷം തിരിച്ചുവരുന്നു. അടുത്ത വർഷം തുടക്കത്തിൽ ആഭ്യന്തര വിമാന സർവീസ് പുനരാരംഭിക്കുമെന്ന് കമ്പനി അറിയിച്ചു. രാജ്യാന്തര സർവീസ് 2022 പകുതിയോടെ വീണ്ടും തുടങ്ങാൻ ആലോചിക്കുന്നതായും കമ്പനി അധികൃതർ പ്രസ്താവനയിൽ വ്യക്തമാക്കി. ന്യൂഡൽഹി മുംബൈ റൂട്ടിലാണ് വിമാനത്തിന്റെ ആദ്യ സർവീസ് തുടങ്ങുന്നത്.എയർ ഓപ്പറേറ്റർ സർട്ടിഫിക്കറ്റ് പുതുക്കി കിട്ടുന്നതിനുള്ള നടപടികൾ കമ്പനി ആരംഭിച്ചു.

വൻ സാമ്പത്തിക പ്രതിസന്ധി നേരിട്ടതിനെ തുടർന്ന് 2019 ഏപ്രിൽ മുതൽ ജെറ്റ് എയർവേസ് വിമാന സർവീസുകൾ താൽക്കാലികമായി നിർത്തിവച്ചിരുന്നു. ജെറ്റ് എയർവെയ്സിനെ മടക്കിക്കൊണ്ടുവരുന്നതിനുള്ള നവീകരണ പദ്ധതിക്ക് 2021 ജൂണിൽ നാഷണൽ കമ്പനീസ് ലോ ട്രിബ്യൂണൽ അനുമതി നൽകിയിരുന്നു. വരും മാസങ്ങളിൽ കടബാധ്യതകൾ തീർക്കുമെന്നും കമ്പനി പ്രസ്താവനയിൽ അറിയിച്ചു. മൂന്ന് വർഷം കൊണ്ട് 50 ഓളം വിമാനങ്ങളുള്ള കമ്പനിയായി ജെറ്റ് എയർവെയ്സിനെ മാറ്റാനാണ് പദ്ധതി. അഞ്ചുവർഷം കൊണ്ട് നൂറിലധികം വിമാനങ്ങളുള്ള കമ്പനിയാകുവാനും ലക്ഷ്യമിടുന്നുണ്ട്. രണ്ടാം വരവിൽ ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കാനാണ് പദ്ധതിയിടുന്നത്. ഗുഡ്ഗാവിൽ കോർപ്പറേറ്റ് ഓഫീസും ഗ്ലോബൽ വൺ ഓഫീസ് മുംബൈയിലെ കുർള യിലും സ്ഥാപിക്കും. നിലവിൽ നൂറ്റിഅൻപതിലധികം ജീവനക്കാർ ജെറ്റ് എയർവേസിലുണ്ട്. 1000 ജീവനക്കാരെ കൂടി ഉടൻ നിയമിക്കുമെന്നും അധികൃതർ വ്യക്തമാക്കി.

## മേഖല കമ്മിറ്റി ധർണ നടത്തി

തിരുവനന്തപുരം: പൊതുമേഖല സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനെതിരെയും പെട്രോൾഡീസൽപാചകവാതക വില വർധനവിനെതിരെയും എഐടിയുസി ടൈറ്റാനിയം ലോക്കൽ കമ്മിറ്റി സായാഹ്ന ധർണ നടത്തി. എഐടിയുസി ജില്ലാ പ്രസിഡന്റ് സോളമൻ വെട്ടുകാട് ധർണ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് പൊഴിക്കര അനിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഓൾ സെയിന്റ്സ് അനിൽ സ്വാഗതം പറഞ്ഞു. എഐടിയുസി മണ്ഡം സെക്രട്ടറി സുനിൽ മതിലകം, വഴിയോര കച്ചവട തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി മൈക്കിൾ ബാസ്റ്റിൻ, മോഹനൻ ജി വിജയൻ, ബാലനഗർ രാമചന്ദ്രൻ, കണ്ണാന്തുറ വിൻസന്റ്, രാജീവ് നാഗർ ബിജു, ജോസഫ്, മാധവപുരം അനിൽ, മാധവപുരം രതികുമാർ എന്നിവർ പ്രസംഗിച്ചു. ഈന്തിവിളാകം ഷാജി നന്ദി രേഖപ്പെടുത്തി. ഫോട്ടോ: എഐടിയുസി ടൈറ്റാനിയം ലോക്കൽ കമ്മിറ്റി നടത്തിയ സായാഹ്ന ധർണ ജില്ലാ പ്രസിഡന്റ് സോളമൻ വെട്ടുകാട് ഉദ്ഘാടനം ചെയ്യുന്നു

# വനം വകുപ്പ് പിആർഒ ചുമതലയേറ്റു

തിരുവനന്തപുരം: വനം വകുപ്പ് ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിൽ പബ്ലിക്ക് റിലേഷൻസ് ഓഫീസറായി സി എഫ് ദിലീപ്കുമാർ ചുമതലയേറ്റു. കഴിഞ്ഞ നാലു വർഷമായി തൊഴിലും നൈപുണ്യവും വകുപ്പിന്റെ ലേബർ കമ്മിഷണറേറ്റിൽ ലേബർ പബ്ലിസിറ്റി ഓഫീസറായി സേവനമനുഷ്ഠിക്കുകയായിരുന്നു. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ ഇൻഫർമേഷൻ ഓഫീസറാണ്. സെക്രട്ടേറിയറ്റ് പിആർഡി പ്രസ് റിലീസ് വിഭാഗത്തിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് എഡിറ്റർ, സർക്കാർ പ്രസിദ്ധീകരണമായ ജനപഥത്തിന്റെ അസിസ്റ്റന്റ് എഡിറ്റർ, തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിലെ പിആർഡി വിഭാഗം അസിസ്റ്റന്റ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ മികച്ച പ്രവർത്തനത്തിന് സംസ്ഥാന സർക്കാരിൽ നിന്നും ഗുഡ് സർവീസ് എൻട്രിയും ലേബർ കമ്മിഷണറിൽ നിന്നും സദ്സേവന രേഖയും ലഭിച്ചിട്ടുണ്ട്.



ജില്ലാതല പട്ടയ മേളയുടെ ഉദ്ഘാടന ചടങ്ങിൽ മന്ത്രി ജെ. ചിഞ്ചു റാണി സംസാരിക്കുന്നു

# ഇന്ത്യൻ സൂപ്പർ ലീഗ് മത്സര ക്രമം പ്രഖ്യാപിച്ചു

കൊച്ചി: ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ) എട്ടാം സീസൺ മത്സരങ്ങളുടെ ക്രമം പ്രഖ്യാപിച്ചു. കോവിഡ് പശ്ചാത്തലത്തിൽ ഇത്തവണയും ഗോവയിലെ മൂന്ന് സ്റ്റേഡിയങ്ങളിലായി അരങ്ങേറുന്ന സീസണിന്റെ ആദ്യമത്സരം നവംബർ 19ന് കേരള ബ്ലാസ്റ്റേഴ്സും മുൻ ചാമ്പ്യൻമാരായ എടികെ മോഹൻബഗാനും തമ്മിലാണ്.

ആദ്യ 11 റൗണ്ട് മത്സരങ്ങളുടെ പട്ടികയാണ് സംഘാടകരായ ഫുട്ബോൾ സ്പോർട്സ് ഡവലപ്മെന്റ് ലിമിറ്റഡ് (എഫ്എസ്ഡിഎൽ) പുറത്തുവിട്ടത്. ഡിസംബറിൽ അവശേഷിക്കുന്ന മത്സരക്രമം പ്രഖ്യാപിക്കും. 115 മത്സരങ്ങളാണ് ഇത്തവണയും.

ഇതാദ്യമായി ശനിയാഴ്ചകളിൽ അരങ്ങേറുന്ന രണ്ടാമത്തെ മത്സരത്തിന്റെ കിക്കോഫ് രാത്രി 9.30ലേക്ക് മാറും. വൈകിട്ട് 7.30നായിരിക്കും മറ്റു മത്സരങ്ങളുടെയെല്ലാം കിക്കോഫ്. നവംബർ 27നാണ് എസ്സി ഈസ്റ്റ്ബംഗാളും എടികെ മോഹൻബഗാനും തമ്മിലുള്ള ഡെർബി. ലീഗിൽ തുടർച്ചയായ മൂന്നാം തവണയാണ് കേരള ബ്ലാസ്റ്റേഴ്സും എടികെ മോഹൻ ബഗാനും ഉദ്ഘാടന മത്സരത്തിൽ നേർക്കുനേർ വരുന്നത്. ഫറ്റോർഡയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

കേരള ബ്ലാസ്റ്റേഴ്സിന്റെ മത്സരങ്ങൾ ഇങ്ങനെ: തീയതി, എതിരാളികൾ, വേദി എന്ന ക്രമത്തിൽ. നവംബർ 19 മോഹൻ ബഗാൻ (നെഹ്റു സ്റ്റേഡിയം ഫറ്റോർഡ), 25നോർത്ത് ഈസ്റ്റ് യുണൈറ്റഡ് (ഫറ്റോർഡ), 28 ചെന്നൈയിൻ എഫ്സി (അത്‌ലറ്റിക് സ്റ്റേഡിയം, ബംബോലിം), ഡിസംബർ 5ഒഡീഷ എഫ്സി (തിലക് മൈതാൻ, വാസ്കോ), 12 എസ്സി ഈസ്റ്റ്ബംഗാൾ (വാസ്കോ), 19മുംബൈ സിറ്റി എഫ്സി (ഫറ്റോർഡ), 22 ചെന്നൈയിൻ എഫ്സി (വാസ്കോ), 26ജംഷഡ്പൂർ എഫ്സി (വാസ്കോ), ജനുവരി 2എഫ്സി ഗോവ (വാസ്കോ), 9ഹൈദരാബാദ് എഫ്സി (വാസ്കോ). എല്ലാ മത്സരങ്ങളും രാത്രി 7.30ന്.

# നിപ: നിയന്ത്രണങ്ങളിൽ ഇളവ്

കോഴിക്കോട്: മറ്റ് നിപ വൈറസ് കേസുകളൊന്നും റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിലും ഇൻക്യുബേഷൻ കാലയളവായ 14 ദിവസം കഴിഞ്ഞ സാഹചര്യത്തിലും കോഴിക്കോട് കണ്ടെയ്ൻമെന്റ് വാർഡുകളിലെ നിയന്ത്രണങ്ങളിൽ ഇളവ് വരുത്താൻ തീരുമാനിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. അതേസമയം ചാത്തമംഗലം പഞ്ചായത്തിലെ ഒമ്പതാം വാർഡ് കണ്ടെയ്ൻമെന്റായി തുടരുന്നതാണ്. മെഡിക്കൽ ബോർഡിന്റേയും വിദഗ്ധ സമിതിയുടേയും നിർദ്ദേശ പ്രകാരമാണ് തീരുമാനമെടുത്തത്. മറ്റ് പ്രദേശങ്ങളിൽ കടകൾ തുറക്കാനും യാത്ര ചെയ്യാനും കഴിയുന്നതാണ്. രോഗലക്ഷണങ്ങളുള്ളവർ നിർബന്ധമായും വീടുകളിൽ തന്നെ കഴിയേണ്ടതാണ്. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ഉടൻ തന്നെ ആരോഗ്യപ്രവർത്തകരെ വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള ഉത്തരവ് ജില്ലാ കളക്ടർ പുറത്തിറക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

കണ്ടെയ്ൻമെന്റ് സോണിൽ നിർത്തിവച്ചിരുന്ന വാക്സിനേഷൻ ബുധനാഴ്ച മുതൽ പുനരാരംഭിക്കുന്നതാണ്. ഇനി വാക്സിൻ എടുക്കാൻ ബാക്കിയുള്ളവരെ കണ്ടെത്തി കൃത്യമായ ആക്ഷൻ പ്ലാനോടെയാണ് വാക്സിനേഷൻ നടത്തുന്നത്. രോഗലക്ഷണമുള്ളവർ ഒരു കാരണവശാലും വാക്സിനെടുക്കാൻ പോകരുത്. 9593 പേരാണ് കണ്ടെയ്ൻമെന്റ് വാർഡുകളിൽ ഇനി ആദ്യ ഡോസ് വാക്സിൻ എടുക്കാനുള്ളത്. 500 മുതൽ 1000 വരെയുള്ള പല സെക്ഷനുകൾ തിരിച്ചായിരിക്കും വാക്സിൻ നൽകുക.

അതേസമയം നിപ സമ്പർക്കപ്പട്ടികയിലുള്ള മൂന്നു പേരുടെ പരിശോധനാ ഫലം കൂടി നെഗറ്റീവായി. എൻഐവി പൂനെയിലാണ് ഇത് പരിശോധിച്ചത്. ഇതോടെ 143 പേരുടെ സാമ്പിളുകളാണ് നെഗറ്റീവായത്. നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയെങ്കിലും എല്ലാവരും ജാഗ്രത തുടരണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# പന്തീരാങ്കാവ് മാവോയിസ്റ്റ് കേസ്: മൂന്നാം പ്രതി സി പി ഉസ്മാൻ പിടിയിൽ

മലപ്പുറം: പന്തീരാങ്കാവ് മാവോയിസ്റ്റ് കേസിൽ ഒളിവിലായിരുന്ന മൂന്നാം പ്രതി പിടിയിലായി. പെരിന്തൽമണ്ണ പട്ടിക്കാട് നിന്നാണ് മാവോയിസ്റ്റ് മേലേതിൽ സി പി ഉസ്മാൻ അറസ്റ്റിലായത്. തീവ്രവാദ വിരുദ്ധ സ്ക്വാഡാണ് പിടികൂടിയത്. ഉസ്മാനെ അരീക്കോട്ടെ എടിഎസ് ക്യാമ്പിൽ ചോദ്യം ചെയ്തു വരികയാണ്. മലപ്പുറം പാണ്ടിക്കാട് ചെമ്പ്രശേരി സ്വദേശിയാണ് മാവോയിസ്റ്റ് പ്രവർത്തകനായ ഉസ്മാൻ. കോഴിക്കോട് പന്തീരാങ്കാവ് മാവോയിസ്റ്റ് കേസിൽ അറസ്റ്റിലായ അലനും താഹയ്ക്കും മാവോയിസ്റ്റ് ലേഖനങ്ങൾ കൈമാറിയെന്ന കേസിലെ മൂന്നാംപ്രതിയാണ് ഇയാൾ. മൊബൈൽ ഫോൺ അടക്കമുള്ള സംവിധാനങ്ങളൊന്നും ഉപയോഗിക്കാത്ത ഉസ്മാൻ അർബൻ മാവോയിസ്റ്റ് ഏരിയ നേതാവായാണ് അറിയപ്പെടുന്നത്. വനത്തിനുള്ളിൽ കഴിയുന്ന മാവോയിസ്റ്റുകൾക്ക് ആവശ്യമുള്ള സാധനങ്ങൾ എത്തിച്ചുനൽകുന്ന ചുമതലയുമുണ്ട്.

അ!ഞ്ച് യുഎപിഎ കേസുകൾ അടക്കം 13 കേസുകൾ ഇയാൾക്കെതിരെ നിലവിലുണ്ട്. 2016 ഫെബ്രുവരി 26ന് കാളികാവിലെ സഹോദരിയുടെ വീട്ടിൽ നിന്ന് ഉസ്മാൻ പിടിയിലായിരുന്നു. ഒട്ടേറെ മാവോയിസ്റ്റ് ലഘുലേഖകളും സിഡികളും അന്ന് പിടിച്ചെടുത്തിരുന്നു. മഞ്ചേരി, കണ്ണൂർ ജയിലുകളിൽ കഴിയുന്നതിനിടെ ജാമ്യത്തിൽ ഇറങ്ങി മുങ്ങുകയായിരുന്നു. കോഴിക്കോട് ബീച്ചിലെ ലിറ്റററി ഫെസ്റ്റിനിടെ പൊലീസ് വളഞ്ഞെങ്കിലും രക്ഷപ്പെട്ട ഉസ്മാനെ കാലങ്ങളായി തുടരുന്ന അന്വേഷണത്തിന് ഒടുവിലാണ് പിടിയിലായത്.

# ഫാത്തിമ തഹ് ലിയയെ നീക്കം ചെയ്തു

മലപ്പുറം: എംഎസ്എഫ് ദേശീയ വൈസ് പ്രസിഡന്റ് സ്ഥാനത്ത് നിന്ന് ഫാത്തിമ തഹ് ലിയയെ നീക്കം ചെയ്ത് മുസ് ലിം ലീഗ് ദേശീയ നേതൃത്വം. ഹരിത വിവാദത്തിൽ ഫാത്തിമ നടത്തിയത് കടുത്ത അച്ചടക്ക ലംഘനമാണെന്നാണ് നേതൃത്വം പറയുന്നത്. പിരിച്ചുവിട്ട ഹരിത സംസ്ഥാന കമ്മറ്റിക്ക് പകരമായി പുതിയ കമ്മറ്റി പ്രഖ്യാപിച്ചതിന് പിന്നാലെയാണ് ഫാത്തിമ തഹ് ലിയയെ സ്ഥാനത്ത് നിന്ന് മാറ്റിയത്. 2016 മുതൽ ഹരിതയുടെയും എംഎസ്എഫിന്റെയും മുഖമായി പാർട്ടിയിൽ ഉള്ള വ്യക്തിയാണ് ഫാത്തിമ തഹ് ലിയ. നേരത്തെ ഹരിത വിവാദത്തിൽ ഇവർ അതിരൂക്ഷമായ വിമർശനം ഉന്നയിച്ച് വാർത്തസമ്മേളനം നടത്തിയിരുന്നു. എംഎസ്എഫ് നേതാക്കളുടെ സ്ത്രീവിരുദ്ധ പരാമർശത്തിനെതിരെ പ്രതികരിച്ചതുകൊണ്ട് സോഷ്യൽ മീഡിയയിലൂടെ ക്രൂരമായ വ്യക്തിഹത്യയ്ക്ക് ഹരിത നേതാക്കൾ ഇരയാകുന്നുവെന്നും തങ്ങളുന്നയിച്ച വിഷയങ്ങളിൽ മാതൃകാപരമായ നടപടി മുസ്ലിം ലീഗ് നേതൃത്വം സ്വീകരിക്കുമെന്നുറപ്പുണ്ടെന്നും അവർ അന്ന് പറഞ്ഞിരുന്നു. പിരിച്ചുവിട്ട ഹരിത സംസ്ഥാന കമ്മറ്റിക്ക് പകരം ഞായറാഴ്ചയാണ് പുതിയ സംസ്ഥാന കമ്മറ്റി നേതൃത്വം പ്രഖ്യാപിച്ചത്. മുസ് ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി എം എ സലാമാണ് ഹരിതയുടെ പുതിയ കമ്മറ്റി പ്രഖ്യാപിച്ചത്. പിരിച്ചുവിട്ട സംസ്ഥാന കമ്മറ്റിയിൽ ട്രഷററായിരുന്ന പി എച്ച് ആയിഷ ബാനുവാണ് ഹരിതയുടെ പുതിയ അധ്യക്ഷ. എംഎസ്എഫ് അധ്യക്ഷ നടക്കമുള്ളവർക്കെതിരെ ഹരിത നേതാക്കൾ നൽകിയ പരാതിയിൽ ട്രഷററായിരുന്ന പി എച്ച് ആയിഷ ബാനു അന്ന് ഒപ്പ് വച്ചിരുന്നില്ല. ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്ത റുമൈസ റഫീഖ് നേരത്തെ ജില്ലാ ഭാരവാഹിയായിരുന്നു.

# പാറശാല പൊന്നമ്മാൾ പ്രഥമ പുരസ്കാരം ജി വേണുഗോപാലിന് സമർപ്പിച്ചു

പാറശാല: പാറശാല ബ്ലോക്ക് പഞ്ചായത്തിന്റെ അക്ഷര സുകൃതം പരിപാടിയിൽ പാറശാല പൊന്നമ്മാളിന്റെ പേരിലുള്ള പ്രഥമ പുരസ്കാരം വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഗായകൻ ജി വേണുഗോപാലിന് നൽകി ആദരിച്ചു. പ്രശസ്തി പത്രവും മെമന്റോയും ജി വേണുഗോപാൽ മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. കൂടാതെ പാറശാല ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കാരോട്, പാറശാല, കുളത്തൂർ, ചെങ്കൽ, പൂവാർ, തിരുപുറം എന്നീ ഗ്രാമപഞ്ചായത്തുകളിൽപ്പെട്ട സ്കൂളുകളിൽ നിന്നും പത്താം ക്ലാസിലും പ്ലസ് ടുവിലും എല്ലാവിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയ വിദ്യാർത്ഥികളെയും മന്ത്രി ചടങ്ങിൽ വച്ച് ആദരിച്ചു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എസ് കെ ബെൻഡാർവിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്ഥാൻഡിങ് കമ്മിറ്റി ചെയർമാൻ ആര്യാദേവൻ സ്വാഗതം പറഞ്ഞു. കെ അൻസലൻ എം എൽഎ, കാനറാ ബാങ്ക്

റീജിയണൽ മാനേജർ കെ ഹരിദാസ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആൽവേഡിസ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ വി ആർ സലൂജ, സൂര്യ എസ് പ്രേം, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ വൈ ജോജി, വിനുതകുമാരി, വൈ സതീഷ്, അഡ്വ. രാഹിൽ ആർ നാഥ്, കുമാർ, ഷൈനി, ശാലിനി സുരേഷ്, ആദർശ്, സോണിയ, രേണുക എന്നിവർ സംസാരിച്ചു.


ജില്ലാതല പട്ടയ മേളയുടെ ഉദ്ഘാടന ചടങ്ങിൽ
മന്ത്രി കെ എൻ ബാലഗോപാൽ പട്ടയ വിതരണം നടത്തുന്നു

# കെഎസ്ആർടിസി പമ്പുകളിൽ നിന്നും പൊതുജനങ്ങൾക്കും ഇന്ധനം നിറയ്ക്കാം

തിരുവനന്തപുരം: കെഎസ്ആർടിസി പമ്പുകളിൽ നിന്നും ഇനി മുതൽ പൊതുജനങ്ങൾക്കും ഇന്ധനം നിറയ്ക്കാം. കെഎസ്ആർടിസിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന് വേണ്ടി കെഎസ്ആർടിസി, പൊതുമേഖല എണ്ണക്കമ്പനികളുമായി ചേർന്ന് നടപ്പിലാക്കുന്ന കെഎസ്ആർടിസി യാത്രാ ഫ്യുവൽസിന്റെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന് നടക്കും.



പദ്ധതി ഉദ്ഘാടനം ചെയ്യുന്ന ആദ്യ ദിവസം മുതൽ തന്നെ ഇവിടെ നിന്നും പെട്രോളും ഡീസലും നിറക്കുന്നതിനുള്ള സൗകര്യം ലഭ്യമായിരിക്കും. കേന്ദ്ര പൊതുമേഖലാ എണ്ണകമ്പനികൾ മുഖാന്തിരമാണ് പദ്ധതി നിർവഹണം. തുടക്കത്തിൽ പെട്രോളും ഡീസലും ആയിരിക്കും ഈ ഔട്ട്ലെറ്റുകളിൽ വിതരണം ചെയ്യുന്നത്. എന്നാൽ ക്രമേണ ഹരിത ഇന്ധനങ്ങളായ എൽഎൻജി, സിഎൻജി, ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിങ്, അഞ്ച് കിലോയുള്ള എൽപിജി സിലിണ്ടർ ആയ ചോട്ടു തുടങ്ങിയവയും ഇവിടെ നിന്നും ലഭിക്കും.

ഉദ്ഘാടനത്തോട് അനുബന്ധിച്ച് ബൈക്ക് യാത്രക്കാർക്ക് എഞ്ചിൻ ഓയിൽ വാങ്ങുമ്പോൾ ഓയിൽ ചെയ്ഞ്ച് സൗജന്യമായിരിക്കും. കൂടാതെ 200 രൂപയ്ക്ക് മുകളിൽ ഇന്ധനം നിറയ്ക്കുന്ന ഇരുചക്ര മുച്ചക്ര വാഹന ഉടമകൾക്കും 500 രൂപയ്ക്ക് മുകളിൽ ഇന്ധനം നിറയ്ക്കുന്ന നാലുചക്ര വാഹന ഉടമകൾക്കും നറുക്കെടുപ്പിൽ വിജയികളായായി കാർ, ബൈക്ക് തുടങ്ങിയവ സമ്മാനങ്ങളായി ലഭിക്കാനുള്ള അവസരവും ഉണ്ട്. തിരുവനന്തപുരം കിഴക്കേകോട്ടയിൽ വൈകിട്ട് അഞ്ചിന് നടക്കുന്ന ചടങ്ങ് ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ആദ്യ വില്പന നിർവഹിക്കും, സിവിൽ സപ്ലൈസ് മന്ത്രി ജി ആർ അനിൽ ഔദ്യോഗിക ലോഗോ പ്രകാശനം ചെയ്യും. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായാണ് കെഎസ്ആർടിസി ഇന്ധന ഔട്ട്ലെറ്റ് ആരംഭിക്കുന്നത്. സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ എട്ട് പമ്പുകളാണ് ആരംഭിക്കുന്നത്. മറ്റ് ഏഴ് പമ്പുകൾ 16 ന് വൈകിട്ട് അഞ്ചിന് കോഴിക്കോട് ടൂറിസം മന്ത്രി മുഹമ്മദ് റിയാസും ചേർത്തലയിൽ കൃഷി മന്ത്രി പി പ്രസാദും 17 ന് ചടയമംഗലത്ത് വൈകിട്ട് അ!ഞ്ച് മണിക്ക് മന്ത്രി ജെ ചിഞ്ചുറാണി, 18 ന് രാവിലെ 8.30 മണിക്ക് മൂന്നാറിൽ മന്ത്രി റോഷി അഗസ്റ്റിൻ, രാവിലെ ഒമ്പതിന് മൂവാറ്റുപുഴയിൽ മന്ത്രി പി രാജീവ്, വൈകിട്ട് നാലിന് ചാലക്കുടിയിൽ മന്ത്രി ആർ ബിന്ദു, വൈകിട്ട് അഞ്ചിന് കിളിമാനൂരിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി തുടങ്ങിയവർ ഉദ്ഘാടനം ചെയ്യും.

# കേരളത്തിലെ എല്ലാ സ്കൂളുകളെയും മികവിന്റെ കേന്ദ്രമാക്കും: മുഖ്യമന്ത്രി

കേരളത്തിലെ മുഴുവൻ സ്കൂളുകളെയും ഒരു പോലെ മികവിന്റെ കേന്ദ്രങ്ങളാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതിന്റെ ഗുണഫലം ലഭിക്കുക പാവപ്പെട്ട കുടുംബങ്ങൾക്കാണ്.

അതിന് ഉതകുന്ന വിധത്തിൽ സ്കൂൾ പശ്ചാത്തല സൗകര്യങ്ങളും അക്കാഡമിക് നിലവാരവും ഉയർത്താനാണ് സർക്കാർ ശ്രമിച്ചതെന്ന് അദ്ദേഹം പറഞ്ഞു. 92 പുതിയ സ്കൂൾ കെട്ടിടങ്ങളുടെയും 48 ഹയർ സെക്കൻഡറി ലാബുകളുടെയും മൂന്ന് ഹയർ സെക്കൻഡറി ലൈബ്രറികളുടെയും ഉദ്ഘാടനവും 107 പുതിയ സ്കൂളുകളുടെ ശിലാസ്ഥാപനവും നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മാത്രം 4000 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങളാണ് നടത്തിയത്. കേരളത്തിലെ സ്കൂളുകൾ തുറക്കാൻ കഴിയുന്ന സാഹചര്യത്തിൽ ക്ലാസ് മുറി വിദ്യാഭ്യാസം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ലോകത്തിലെയും ഇന്ത്യയിലെയും പശ്ചാത്തലം പരിശോധിക്കുമ്പോൾ കോവിഡ് കാലത്തെ കേരളത്തിന്റെ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ മികവ് വ്യക്തമാകും.

യുനസ്കോയുടെ പഠനം അനുസരിച്ച് ആഗോളതലത്തിൽ 126 കോടി കുട്ടികളുടെ വിദ്യാഭ്യാസത്തെ കോവിഡ് പ്രതികൂലമായി ബാധിച്ചു. ഇന്ത്യയിൽ 32 കോടി കുട്ടികളെയാണ് ബാധിച്ചത്. കഴിഞ്ഞ വർഷത്തെ ലോക്ക്ഡൗണിൽ എലിമെന്ററി, സെക്കൻഡറി തലങ്ങളിലെ രാജ്യത്തെ 25 കോടി കുട്ടികളുടെ പഠനത്തെ ബാധിച്ചു. ലോകത്ത് മൂന്നിനും 13നുമിടയിൽ പ്രായമുള്ള 130 കോടി കുട്ടികൾക്ക് ഇന്റർനെറ്റ് അപ്രാപ്യമാണെന്നാണ് റിപ്പോർട്ട്. ഇന്ത്യ ഉൾപ്പെടുന്ന സൗത്ത് ഏഷ്യ രാജ്യങ്ങളിൽ 45 കോടി കുട്ടികൾക്ക് ഇന്റർനെറ്റ് ലഭ്യമല്ലെന്നും കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതും കണക്റ്റിവിറ്റിയും ചിലയിടങ്ങളിൽ പ്രശ്നമായിരുന്നു. എന്നാൽ വിവിധ മേഖലകളിൽ നിന്നുള്ള സഹായ സഹകരണത്തോടെ ഉപകരണങ്ങൾ നൽകാനായി. ഇന്റർനെറ്റ് ദാതാക്കളുമായി ചർച്ച നടത്തി കണക്റ്റിവിറ്റി പ്രശ്നങ്ങൾ പരിഹരിക്കാനും സർക്കാർ നടപടി സ്വീകരിച്ചു.

പരീക്ഷകൾ കൃത്യമായി നടത്തുകയും ഫലം സമയബന്ധിതമായി പ്രഖ്യാപിക്കുകയും ചെയ്തു. ഡിജിറ്റൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ന്യൂനതകൾ കണ്ടെത്തി പരിഹരിക്കാൻ കൃത്യമായ പരിശോധന നടത്തുന്നുണ്ടായിരുന്നു. പുതിയ സ്കൂൾ കെട്ടിടങ്ങളുടെ നിർമാണത്തിന് 214 കോടി രൂപയാണ് ചെലവഴിച്ചത്. കിഫ്ബിയുടെ അഞ്ച് കോടി രൂപ ചെലവഴിച്ച് 11 സ്കൂൾ കെട്ടിടങ്ങളും മൂന്നു കോടി ചെലവഴിച്ച് 23 കെട്ടിടങ്ങളും നിർമിച്ചു.

പ്ളാൻ ഫണ്ട്, എം. എൽ. എ ഫണ്ട്, സമഗ്രശിക്ഷാ ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് 58 പുതിയ കെട്ടിടങ്ങളും നിർമിച്ചു. 48 ഹയർ സെക്കൻഡറി ലാബുകൾക്കായി 22 കോടി രൂപ ചെലവഴിച്ചു. 85 ലക്ഷം രൂപ ചെലവഴിച്ചാണ് മൂന്നു ലൈബ്രറികൾ നിർമിച്ചത്. 107 കെട്ടിടങ്ങളുടെ നിർമാണത്തിന് 124 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിച്ചു.ധനമന്ത്രി കെ.എൻ.ബാലഗോപാൽ മുഖ്യാതിഥിയായിരുന്നു.

# സംസ്ഥാനത്ത് 15,876 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

കേരളത്തിൽ 15,876 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. തൃശൂർ 1936, എറണാകുളം 1893, തിരുവനന്തപുരം 1627, പാലക്കാട് 1591, മലപ്പുറം 1523, കൊല്ലം 1373, ആലപ്പുഴ 1118, കോഴിക്കോട് 1117, കണ്ണൂർ 1099, കോട്ടയം 1043, പത്തനംതിട്ട 632, ഇടുക്കി 367, വയനാട് 296, കാസർഗോഡ് 261 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,05,005 സാമ്പിളുകളാണ് പരിശോധിച്ചത്.

ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 15.12 ആണ്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ ഏഴിന് മുകളിലുള്ള 794 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ വാർഡുകളാണുള്ളത്. അതിൽ 692 വാർഡുകൾ നഗര പ്രദേശങ്ങളിലും 3416 വാർഡുകൾ ഗ്രാമ



പ്രദേശങ്ങളിലുമാണുള്ളത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 5,75,668 പേരാണ് നിരീക്ഷണത്തിലുള്ളത്.

ഇതിൽ 5,46,791 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റീനിലും 28,877 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1823 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 1,98,865 കോവിഡ് കേസുകളിൽ, 13.7 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 129 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്.

ഇതോടെ ആകെ മരണം 22,779 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 44 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 14,959 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 778 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 95 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 25,654 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1421, കൊല്ലം 2098, പത്തനംതിട്ട 1304, ആലപ്പുഴ 1998, കോട്ടയം 1558, ഇടുക്കി 953, എറണാകുളം 3401, തൃശൂർ 2843, പാലക്കാട് 1768, മലപ്പുറം 2713, കോഴിക്കോട് 3342, വയനാട് 960, കണ്ണൂർ 864, കാസർഗോഡ് 431 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,98,865 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 41,84,158 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.



ജില്ലാതല പട്ടയ വിതരണ ഉദ്ഘാടനം @ മുൻസിപ്പൽ ടൗൺഹാൾ, നെടുമങ്ങാട്



റവന്യു വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# അഷ്ടമുടി പുനരുജ്ജീവനം ജനകീയമായി നടപ്പാക്കും മന്ത്രി കെ.എൻ.ബാലഗോപാൽ

അഷ്ടമുടി പുനരുജ്ജീവന പദ്ധതി ജനകീയമായി നടപ്പാക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ. കൊല്ലം കോർപറേഷന്റെ നേതൃത്വത്തിൽ അഷ്ടമുടിക്കായൽ വീണ്ടെടുക്കുന്നതിനായി നടത്തുന്ന യജ്ഞത്തിന്റെ ഭാഗമായ വിവരശേഖരണ കായൽ യാത്രയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ദീർഘകാലമായി ആഗ്രഹിക്കുന്ന പദ്ധതിയാണ് തുടങ്ങി വെച്ചതെന്നും അഷ്ടമുടികായലിൽ ആരംഭിക്കുന്ന പദ്ധതി വഴി മറ്റ് കായലുകളിലും സമാന സംരക്ഷണ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. സംസ്ഥാനത്തെ ശ്രദ്ധേയവും മാതൃകാപരവുമായ പരിപാടിയാണ് ഇവിടെ നടപ്പിലാക്കുന്നതെന്നും അത് അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു.

കായൽ നവീകരണ പദ്ധതി പ്രഖ്യാപനം മന്ത്രി നിർവഹിച്ചു. കായൽ യാത്രയുടെ ഭാഗമായി ലഭിച്ച വിവരശേഖരണ റിപ്പോർട്ട് മേയർ പ്രസന്ന ഏണസ്റ്റ് മന്ത്രിക്ക് കൈമാറി.

കായൽ യാത്രയ്ക്ക് ശേഷം ലഭിച്ച വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ധരുമായി ആലോചിച്ച് ശാശ്വത പരിഹാരം കാണുന്നതിനായി കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, വിവിധ പഞ്ചായത്തുകൾ എന്നിവരെ ഉൾപ്പെടുത്തി ആവശ്യമായ നടപടികളുമായി മുന്നോട്ട് പോകുമെന്ന് മേയർ പ്രസന്ന ഏണസ്റ്റ് പറഞ്ഞു. കോർപ്പറേഷൻ അടിയന്തരമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ കൗൺസിൽ തീരുമാനമെടുക്കുകയും 50 ലക്ഷം രൂപ ശുചീകരണ പ്രവർത്തനങ്ങൾക്കായും 50 ലക്ഷം രൂപ ലിങ്ക് റോഡ് നവീകരണ പ്രവർത്തനങ്ങൾക്കായും വിനിയോഗിക്കും. ഇവിടെ ഫ്ളോട്ടിംഗ് ഗാർഡനും മ്യൂസിക് ഫൗണ്ടനും സജ്ജീകരിക്കും.

മലിനജലം ഒഴുകിവരുന്ന ഓടകൾ കണ്ടെത്തി വകുപ്പുകളുടെ ഏകോപനത്തിലൂടെ ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രാവർത്തികമാക്കും. മാർച്ച് 31നകം പദ്ധതി പൂർത്തീകരിക്കാനാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. ശുചീകരണ വാരമായ ഒക്ടോബർ രണ്ട് മുതൽ എട്ട് വരെ ശുചീകരണ യജ്ഞം സംഘടിപ്പിക്കും. കോർപ്പറേഷൻ പ്രദേശത്തും വിവിധ പഞ്ചായത്തുകളിലും ശുചീകരണ യജ്ഞം നടത്തും. ജലാശയങ്ങൾ ശുദ്ധീകരിച്ച് സംരക്ഷിക്കുന്നതോടൊപ്പം 55 ഡിവിഷനുകളിലും പഞ്ചായത്തുകളുടെ അതിർത്തികളിലും പ്ലാസ്റ്റിക് വിരുദ്ധ ക്യാമ്പയിൻ വിവിധ വകുപ്പുകളുടെ സഹായത്തോടെ സംഘടിപ്പിക്കുമെന്നും മേയർ പറഞ്ഞു.

കായൽ യാത്രയുടെ ഫ്ളാഗ് ഓഫ് ലിങ്ക് റോഡിൽ എൻ.കെ. പ്രേമചന്ദ്രൻ എം.പി. നിർവഹിച്ചു. അഷ്ടമുടിക്കായലിന്റെ പുനരുജ്ജീവന സാമൂഹിക യജ്ഞം യാഥാർഥ്യമാകുന്നതോടെ നാടിന്റെ വളർച്ചയ്ക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് എം.പി. പറഞ്ഞു. ജനകീയ പങ്കാളിത്തത്തോടെയുള്ള ഉദ്യമത്തിന് പൂർണ്ണ പിന്തുണയും സഹായവും ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കായൽ സംരക്ഷണത്തിനായി ജില്ലാതല ശിൽപശാലയും പഞ്ചായത്ത്തല ശില്പശാലകളും നടത്തിയിരുന്നു. കായലിന്റെ അവസ്ഥയെപ്പറ്റി പൂർണ്ണ വിവരം ലഭ്യമാകാനാണ് വിവരശേഖരണ കായൽയാത്ര നടത്തിയത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാകും അന്തിമ പദ്ധതി രൂപീകരിക്കുക.

എം.എൽ.എ മാരായ എം.മുകേഷ്, എം.നൗഷാദ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുമ ലാൽ, ഡെപ്യൂട്ടി മേയർ കൊല്ലം മധു, സ്ഥിരം സമിതി അധ്യക്ഷർ, കൗൺസിലർമാർ, കോർപ്പറേഷൻ സെക്രട്ടറി പി.കെ സജീവ്, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യാത്രയിൽ പങ്കെടുത്തു.

# ഭൂ ഭവന രഹിതരില്ലാത്ത കേരളം ലക്ഷ്യം : മന്ത്രി ജെ.ചിഞ്ചു റാണി

ഭൂ ഭവന രഹിതരില്ലാത്ത നടാക്കി കേരളത്തെ മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന്മൃഗ സംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി. പുനലൂർ താലൂക്ക്തല പട്ടയമേളയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഇനിയും പട്ടയം ലഭിക്കാത്തവർക്ക് അവസരം ഒരുക്കി അവ നൽകും എന്നും പറഞ്ഞു.

പുനലൂർ, വാളക്കോട്, തിങ്കൾകരിക്കം, ചണ്ണപ്പേട്ട, കരവാളൂർ, ഇടമുളയ്ക്കൽ എന്നീ വില്ലേജുകളിലെ 25 കുടുംബങ്ങൾക്കാണ് പട്ടയം നൽകിയത്. മുൻസിപ്പൽ, പഞ്ചായത്ത് പട്ടയങ്ങൾ മൂന്ന് വീതവും അഞ്ച് ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളും കൈമാറ്റ സാധൂകരണ പത്രിക 14 എണ്ണവുമാണ് വിതരണം ചെയ്തത്. മൂന്ന് ഏക്കർ എട്ട് സെന്റ് ഭൂമിയുടെ പട്ടയം ആകെ ലഭ്യമാക്കി.

പുനലൂർ പൊതുമരാമത്ത് റെസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ പി. എസ്. സുപാൽ എം. എൽ. എ അധ്യക്ഷനായി. എൻ. കെ. പ്രേമചന്ദ്രൻ എം.പി മുഖ്യാതിഥിയും. പുനലൂർ ആർ. ഡി. ഒ. ബി. ശശികുമാർ, പുനലൂർ നഗരസഭ ചെയർപേഴ്സൺ നിമ്മി എബ്രഹാം, വൈസ് ചെയർമാൻ വി. പി ഉണ്ണികൃഷ്ണൻ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാധ രാജേന്ദ്രൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ സുജ സുരേന്ദ്രൻ, ജിഷാ മുരളി, അസീന മനാഫ്, പി. അനിൽ കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# താലൂക്ക്തല പട്ടയമേളകളിൽ എം.എൽ.എമാർ

ജില്ലയിൽ നടന്ന കൊല്ലം താലൂക്ക് തല പട്ടയമേള എം. മുകേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഇരവിപുരം എം. എൽ. എ. എം. നൗഷാദ് അധ്യക്ഷനും കുണ്ടറ എം.എൽ.എ പി. സി വിഷ്ണുനാഥ് മുഖ്യാതിഥിയുമായി.

കൊല്ലം, ഇരവിപുരം, കുണ്ടറ, ചാത്തന്നൂർ നിയോജക മണ്ഡലങ്ങളിൽ നിന്നുള്ള ഒൻപത് പേർക്കാണ് പട്ടയം നൽകിയത് . രണ്ട് ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങൾ, അഞ്ചു പുറമ്പോക്ക് പട്ടയങ്ങൾ, രണ്ട് ദേവസ്വം പട്ടയങ്ങൾ എന്നിവയാണ് വിതരണം ചെയ്തത്.

തഹസിൽദാർമാരായ എസ്. ശശിധരൻ പിള്ള, ബി. പി. അനി, പി. ശുഭൻ, ഡെപ്യൂട്ടി തഹസിൽദാർ സി. ദേവരാജൻ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കുന്നത്തൂർ താലൂക്കിൽ പട്ടയവിതരണം കോവൂർ കുഞ്ഞുമോൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കുന്നത്തൂർ, ശൂരനാട് വടക്ക് എന്നിവിടങ്ങളിലെ ഒൻപത് കുടുംബങ്ങൾക്കാണ്പട്ടയം ലഭിച്ചത്.

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അൻസാർ ഷാഹി അധ്യക്ഷനായി. ജില്ലാ പഞ്ചായത്തംഗം ഡോ. പി. കെ. ഗോപൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാരായ സി. ഉണ്ണികൃഷ്ണൻ, വത്സലകുമാരി, ശ്രീകുമാർ, തഹസിൽദാർ എം. നിസാം, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# രവി പിള്ളയുടെ മകന്റെ വിവാഹം: കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടെന്ന് ഹൈക്കോടതി

കൊച്ചി: ഗുരുവായൂർ ക്ഷേത്രത്തിൽ വച്ച് വ്യവസായി രവി പിള്ളയുടെ മകന്റെ വിവാഹം നടത്തിയതിൽ കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടെന്ന് ഹൈക്കോടതി. കോവിഡിന്റെ പശ്ചാത്തലത്തിൽ 12 പേർ മാത്രമേ വിവാഹത്തിൽ പങ്കെടുക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം ഉണ്ടായിട്ടും നിരവധി പേർ പങ്കെടുത്തുവെന്നും വിവാഹത്തിന്റെ ദൃശ്യങ്ങളിൽ വലിയ ആൾക്കൂട്ടം വ്യക്തമാണെന്നും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു.

രവി പിള്ളയുടെ മകന്റെ വിവാഹത്തിന് ഗുരുവായൂർ ക്ഷേത്രത്തിന്റെ നടപ്പന്തലിന് രൂപമാറ്റം വരുത്തുംവിധം അലങ്കാരങ്ങൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഹൈക്കോടതി സ്വമേധയാ കേസെടുത്തിരുന്നു. ഇത് പരിഗണിക്കുന്നതിനിടെയാണ് വിമർശനം. നടപ്പന്തലിൽ ഓഡിറ്റോറിയത്തിന് സമാനമായ മാറ്റങ്ങളാണ് വരുത്തിയതെന്ന് ഹൈക്കോടതി പറഞ്ഞു. വിവാഹ സമയത്ത് നടപ്പന്തലിന്റെ സുരക്ഷാ ചുമതല സ്വകാര്യ ഏജൻസിക്ക് കൈമാറിയോ എന്ന് കോടതി ചോദിച്ചു. സംഭവത്തിൽ തൃശൂർ എസ്പിയേയും ഗുരുവായൂർ സിഐയേയും സെക്ടറൽ മജിസ്ട്രേറ്റിനേയും കക്ഷി ചേർത്തു. കഴിഞ്ഞ ഒരു മാസത്തിനിടെ ഗുരുവായൂരിൽ നടന്ന വിവാഹങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാൻ കോടതി നിർദ്ദേശിച്ചു. കേസ് അടുത്ത മാസം വീണ്ടും പരിഗണിക്കും.

# സുബ്രഹ്മണ്യന്റെ മൃതദേഹം പുതുക്കാട് താലൂക്ക് ആശുപത്രിയിലേക്കു മാറ്റി

തിരുവനന്തപുരം: ഊളൻപാറ മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും നാല് മാനസിക രോഗികൾ പുറത്തുചാടി. ഇവരിൽ രണ്ടു പെരെ സുരക്ഷാ ജീവനക്കാർ പിടികൂടി.

പിടിയിലായ രണ്ടു പേരിൽ ഒരാൾ സ്വന്തം വീട്ടിലാണ് എത്തിയത്. മറ്റുള്ളവരെ കുറിച്ച് വിവരമില്ല. ഇവരെ കണ്ടെത്താനുള്ള ശ്രമം തുടരുകയാണ്.

# സിവിൽ ഡിഫൻസ് ഉദ്യോഗസ്ഥയുടെ മരണം: നീതി തേടി കുടുംബം സുപ്രീംകോടതിയിൽ

ന്യൂഡൽഹി: ഡൽഹിയിൽ കൂട്ടബലാത്സംഗത്തിന് ഇരയായി കൊല്ലപ്പെട്ട സിവിൽ ഡിഫൻസ് ഉദ്യോഗസ്ഥക്ക് നീതി തേടി കുടുംബം സുപ്രീംകോടതിയെ സമീപിച്ചു. സിബിഐ അന്വേഷണവും പുനർ പോസ്റ്റ്മോർട്ടവും ആവശ്യപ്പെട്ടാണ് സുപ്രീംകോടതിയെ സമീപിച്ചത്. പൊലീസ് അന്വേഷണത്തിൽ വിശ്വാസമില്ലെന്നും സർക്കാരിന് പ്രത്യേക താല്പര്യങ്ങളുണ്ടെന്നും കുടുംബം പറഞ്ഞു.

കഴിഞ്ഞ മാസം 26ന് ആണ് ജോലിക്കിടയിൽ ഡൽഹി സംഗം വിഹാർ സ്വദേശി 21കാരിയെ കാണാതായത്. കൊല്ലപ്പെട്ട നിലയിൽ പിന്നീട് കണ്ടെത്തി. ശരീരത്തിൽ അമ്പതോളം മുറിവുകളുണ്ടായിരുന്നു. മാറിടം മുറിച്ചുമാറ്റിയ നിലയിലായിരുന്നു. ഹരിയാനയിലെ സൂരജ്കുണ്ട് എന്ന സ്ഥലത്ത് നിന്നാണ് മൃതദേഹം കണ്ടെത്തിയത്. സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകൻ മെഹ്മൂദ് പ്രാച്ച പെൺകുട്ടിയുടെ വീട് സന്ദർശിച്ചു. ആവശ്യമായ നിയമ സഹായം നൽകുമെന്ന് വാഗ്ദാനം ചെയ്തു. പ്രതികളെ ശിക്ഷിക്കണം, അതിലൂടെ മകൾക്ക് നീതി ലഭിക്കണം. അതുവരെ നിയമപോരാട്ടം തുടരും. പൊലീസ് അന്വേഷണം കാര്യക്ഷമമല്ല. സിബിഐക്ക് അന്വേഷണം കൈമാറണമെന്നും പെൺകുട്ടിയുടെ പിതാവ് ആവശ്യപ്പെട്ടു. അതേസമയം ബലാത്സംഗം നടന്നതായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ തെളിവില്ലെന്നും യുവതിയെ കൊലപ്പെടുത്തിയശേഷം കാളിന്ദികുഞ്ച് പൊലീസ് സ്റ്റേഷനിൽ കീഴടങ്ങിയ നിസാമുദ്ദീൻ എന്നയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും പൊലീസ് പറഞ്ഞു.

# വനാതിർത്തികളിലെ വന്യജീവി സംഘർഷം; മന്ത്രിമാർ അടിയന്തര യോഗം ചേർന്നു

വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം നിയന്ത്രിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ മാസ്റ്ററുടെ അധ്യക്ഷതയിൽ വനം മന്ത്രി എ കെ ശശീന്ദ്രൻ പങ്കെടുത്ത യോഗം ചേർന്നു. വനാതിർത്തികളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംഘർഷം നിയന്ത്രിക്കും.

സംസ്ഥാനത്ത് 2348 കിലോമീറ്റർ സൗരോർജ്ജവേലികളും 511 കിലോമീറ്റർ എലിഫന്റ് പ്രൂഫ് ട്രഞ്ചും 9.7 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലിയും 66 കിലോമീറ്റർ എലിഫന്റ് പ്രൂഫ് വാളും 32 കിലോമീറ്റർ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസും 10 കിലോമീറ്റർ റെയിൽ ഫെൻസും വന്യജീവികൾ മനുഷ്യ ആവാസ വ്യവസ്ഥയിലേക്ക് കടക്കുന്നത് തടയാനായി നിലവിലുണ്ട്. സൗരോർജ്ജ വേലികളുടെയും എലിഫന്റ് പ്രൂഫ് ട്രഞ്ചുകളുടെയും സൗരോർജ്ജ തൂക്കുവേലികളുടെയും അറ്റകുറ്റപ്പണികൾ ഗ്രാമ ബ്ലോക്ക് ജില്ല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകുന്നതിന് യോഗം തീരുമാനിച്ചു.

വന്യജീവി പ്രതിരോധ വേലികളുടെ പരിപാലനവും അറ്റകുറ്റപ്പണികളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് തൊഴിലും കൂലിയും ലഭ്യമാക്കാനുള്ള സാധ്യത പരിശോധിക്കാനും തീരുമാനമായി. വന്യ ജീവി സംഘർഷം കുറയ്ക്കാൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികളുടെ യോഗം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ചേരണമെന്നും യോഗം തീരുമാനിച്ചു. നിലവിൽ 204 ജനജാഗ്രതാ സമിതികളാണുള്ളത്. വന്യജീവി സംഘർഷമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ സമിതികൾ രൂപീകരിക്കാനും ധാരണയായി.

# തൃശൂരിൽ സെക്യൂരിറ്റി ജീവനക്കാരൻ കൊല്ലപ്പെട്ടു

തൃശൂർ: തൃശൂരിൽ സ്വകാര്യസ്ഥാപനത്തിലെ സെക്യൂരിറ്റി ജീവനക്കാരൻ കൊല്ലപ്പെട്ടു. സുബ്രഹ്മണ്യൻ(74)ആണ് മരിച്ചത്. കെട്ടിടത്തിൽ നിന്നും ആളെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സംഘർഷത്തിനിടെയാണ് ഇയാൾ മരിച്ചത്.

സംഘർഷത്തിനിടെ ചവിട്ടേറ്റ സുബ്രഹ്മണ്യൻ നിലത്തു വീണു. വീഴ്ചയിൽ കല്ലിൽ തലയിടിച്ച് മരണം സംഭവിക്കുകയായിരുന്നു. സംഭവത്തിൽ കുമളി സ്വദേശി അയ്യപ്പൻകുട്ടി(56)യെ പുതുക്കാട് പോലീസ് കസ്റ്റഡിയിലെടുത്തു.

# ബിജെപി വർഗീയ ധ്രുവീകരണത്തിന് ശ്രമിക്കുന്നു: എ.കെ ബാലൻ

തിരുവനന്തപുരം: ക്രിസ്ത്യൻ, മുസ്‌ലിം വിഭാഗങ്ങളെ ചേരിതിരിച്ച് ബിജെപി വർഗീയ ധ്രുവീകരണത്തിന് ശ്രമിക്കുകയാണെന്ന് സിപിഎം നേതാവ് എ.കെ ബാലൻ. ബിജെപിക്കും സംഘപരിവാറിനും വീണുകിട്ടിയ പ്രശ്നത്തെ ഉയർത്തി ചേരിതിരിക്കാനുള്ള ഗൂഢാലോചന നടത്തി അതുവഴി വലിയ സംഘർഷമുണ്ടാക്കാനാണ് ബി ജെ പി ശ്രമിക്കുന്നതെന്ന് ബാലൻ പറഞ്ഞു. ഫേസ്ബുക്കിലാണ് ബാലൻറെ പ്രതികരണം. ഇതൊരു ദേശീയ പ്രശ്നമാക്കി മാറ്റാനാണ് ഗോവ ഗവർണർ ഇതിൽ അഭിപ്രായം പറയുന്നത്. വളരെ സംവേദനത്വമുള്ള ഒരു വിഷയത്തിൽ ഗവർണർ പ്രതികരിക്കുമ്പോഴും കേന്ദ്ര സർക്കാരിനെ എന്തെങ്കിലും അറിയിക്കുമ്പോഴും സംസ്ഥാന സർക്കാരിൻറെ അഭിപ്രായം ആരായണം. ഇവിടെ കേരള ഗവർണറല്ല, ഗോവ ഗവർണറാണ് പ്രതികരിച്ചിരിക്കുന്നത്. ഇത് ഒരു നല്ല രീതിയല്ല. ബാലൻ ഫേസ്ബുക്കിൽ കുറിച്ചു

# ജോലിക്കിടയിൽ മരിക്കുന്ന സുരക്ഷാ ജീവനക്കാരുടെ കുടുംബം നഷ്ടപരിഹാരത്തിന് അർഹരെന്ന് ഹൈക്കോടതി

കൊച്ചി: ജോലിക്കിടയിൽ മരണമടയുന്ന സുരക്ഷാ ജീവനക്കാർക്കും വാച്ച്മാൻമാർക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിനോട് ഹൈക്കോടതി ആവശ്യപ്പെട്ടു. മരണമടയുന്നവരുടെ കുടുംബങ്ങൾ തെരുവിലേക്ക് എറിയപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചു. ജസ്റ്റിസുമാരായ കെ വിനോദ് ചന്ദ്രനും സിയാദ് റഹ്മാനും അടങ്ങിയ ഡിവിഷൻ ബെഞ്ചിന്റേതാണ് ഉത്തരവ്. രാത്രികാലങ്ങളിൽ എടിഎമ്മിലും മറ്റ് സ്ഥലങ്ങളിലും ജോലി നോക്കുന്ന സുരക്ഷാ ജീവനക്കാർ പലപ്പോഴും പരിമിതമായ സാഹചര്യങ്ങളിലാണ് കഴിയുന്നത്. കൃത്യമായ താമസകേന്ദ്രങ്ങളോ ശുചിമുറികളോ പോലും ഇവർക്ക് അന്യമാണ്. ഏതെങ്കിലും രീതിയിൽ ഇവർ ആക്രമിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുകയാണെങ്കിൽ ഒരു ക്രിമിനൽ കേസിൽ മാത്രം നടപടികൾ ഒതുങ്ങുന്നു. ജോലിക്കിടയിൽ മരണപ്പെടുമ്പോൾ നൽകേണ്ട ന്യായമായ നഷ്ടപരിഹാരങ്ങൾ നിഷേധിക്കപെടുന്ന സാഹചര്യം നിലവിലുണ്ടെന്നും കോടതി നിരീക്ഷിച്ചു. കേരള സ്റ്റേറ്റ് ലീഗൽ സർവീസ് സൊസൈറ്റിക്ക് (കെഎസ്എൽഎസ്എ) ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെടുവാൻ സാധിക്കുമെന്നും ഹൈക്കോടതി പറഞ്ഞു.

# കേരളത്തിലേക്ക് കഞ്ചാവുമായി വന്ന യുവാക്കൾ തമിഴ്നാട് പൊലീസിന്റെ പിടിയിൽ

പാറശാല: കേരളത്തിലേക്ക് കഞ്ചാവ് എത്തിക്കുന്ന സംഘത്തിലെ രണ്ടുപേർ തമിഴ്നാട്ടിൽ പിടിയിൽ. തിരുവനന്തപുരം ചിറ്റാട്ടുമുക്ക് മീനംകുളം സ്നേഹഭവനിൽ അഖിൽ ജയൻ(26 ), പാച്ചല്ലൂർ പേപ്പാറ കുന്നൽ വീട്ടിൽ വിഷ്ണു(22) എന്നിവരെയാണ് തമിഴ്നാട് പൊലീസ് പിടികൂടിയത്.

കഴിഞ്ഞ ദിവസം കേരളത്തിലേക്ക് കടത്തുവാനായി യുവാക്കൾ ദിണ്ഡിഗലിൽ നിന്നും പത്ത് കിലോ കഞ്ചാവുമായി ബൈക്കിൽ യാത്ര തിരിച്ചു.

അമിത വേഗതയിലുള്ള യാത്രക്കിടെ മധുരയ്ക്കും തിരുനെൽവേലിക്കും ഇടയ്ക്കു വച്ച് ഒരു വയോധികനെ ഇടിച്ചു വീഴ്ത്തുകയും ബൈക്ക് നിർത്താതെ കടന്നു കളയുകയുമായിരുന്നു. മധുര പൊലീസിന്റെ നിർദ്ദേശപ്രകാരം സംഘത്തിനെ നാഗർകോവിലിനു സമീപത്ത് വച്ച് സ്പെഷ്യൽ പൊലീസ് പിടികൂടുകയായിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിലാണ് പത്ത് കിലോ കഞ്ചാവ് യുവാക്കളുടെ ബാഗുകളിൽ നിന്നും കണ്ടെത്തിയത്.

തുടർന്ന് നടത്തിയ അന്വേഷണത്തിൽ യുവാക്കൾ കൂലിക്ക് കഞ്ചാവ് എത്തിച്ചു നൽകുന്ന സംഘത്തിൽപ്പെട്ടവരാണെന്ന് പൊലീസ് കണ്ടെത്തി. ഇവർ വിവിധ പൊലീസ് സ്റ്റേഷനുകളിൽ നിരവധി കേസുകളിൽപ്പെട്ട പ്രതികൾ ആണ്. സ്പെഷ്യൽ ടീം വടശ്ശേരി പൊലീസിൽ കേസ് രജിസ്റ്റർ ചെയ്യുകയും കുഴിത്തുറ കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്യുകയും ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.